ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: വിപ്പുമായി ബന്ധപ്പെട്ട ഭേദഗതി അവതരിപ്പിക്കേണ്ട അവധി ഇന്ന മൂന്നരമണി വരെയാണെങ്കിലും എറണാകുളം മെമ്പറന്മാർക്ക് നോട്ടീസ് കിട്ടിയത് ഇന്നാണ്. അവധി നാളത്തേക്ക് നീട്ടിത്തരണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുന്നു.

Mr. Speaker: Yes.

LEGISLATIVE BUSINESS

The Kerala Agrarian Relations Bill-(*Contd*)

Mr. Speaker: The Revenue Minister may now move the re-drafted amendment to clause 2 (16).

(The number within brackets shown against the amendments denotes the number in the list of amendments)

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇവിടെ നടന്ന ചർച്ചകളുടെ ഫലമായി ഈ ക്ലോസ് റീ ഡ്രാഫ്റ്റ് ചെയ്യണമെന്നായിരുന്നു ഞാൻ പറഞ്ഞിരുന്നത്. അതുപ്രകാരം പരിശോധിച്ചു നോക്കിയതിൽ റീ ഡ്രാഫ്റ്റ് ചെയ്യേണ്ട ആവശ്യമില്ല. ഒറി, പണയം, നേർപ്പണയം, കരിപ്പണയം എന്നിങ്ങനെ മലബാറിലാണെങ്കിൽ ഏതെങ്കിലും ഒരു വിധത്തിൽ ഇൻസിഡൻസുണ്ടായാൽ മതിയെന്നും, അല്ലാത്ത സ്ഥലത്തു രണ്ടും ഉണ്ടായിരിക്കണമെന്നും ചർച്ചയിൽ അഭിപ്രായമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി ആവശ്യമാണെന്നു തോന്നിയതുകൊണ്ട് അതിനൊരു ഭേദഗതി അവതരിപ്പിക്കുകയാണ്.

> In clause 2, sub-clause (16) for the words 'and includes such transfer of interest in specific immovable property' the words "and, in areas in the State other than Malabar, includes such transfer of interest in specific immovable property" shall be substituted.

സർ, ഇതോടൊപ്പം സെക്ഷൻ 6 കൂടി ഈ സഭയുടെ മുമ്പിൽ കൊണ്ടുവരികയാണ്. സെക്ഷൻ 6-ൽ ഇന്നത്തെ നിലയിൽ, ഒരു മാർട്ട്ഗേജാണെന്നു document-ൽ എഴുതിയാലും അതു കാണം എന്നുള്ള നിലയിൽ ശരിയായിട്ടുള്ള കാണമാണെങ്കിൽ കോടതിയിൽ തെളിയിക്കാനുള്ള അവകാശം കൊടുക്കുന്നുണ്ട്. ഇതിൽ ഒരു ചെറിയ ഭേദഗതി ചെയ്ത് ഒറി, പണയം, നേർപ്പണയം, കരിപ്പണയം ഇവ അവിടെ ചേർത്താൽ മതി. ഈ സെക്ഷൻ വ്യക്തമാക്കാൻ ഈ ഭേദഗതി മതിയെന്നാണ് എന്റെ അഭിപ്രായം. കൂടാതെ ശ്രീ. സി. എച്ച്. കണാരന്റെ 83-ാമത്തെ ഭേദഗതിയും, ശ്രീ. പി. എസ്. കാന്തികേയന്റെ 93 ാമത്തെ ഭേദഗതിയും ഞാൻ അംഗീകരിക്കുകയാണ്. എന്നാൽ, ശ്രീ. കാന്തികേയന്റെ ഭേദഗതി താഴെപ്പറയുന്ന പ്രകാരം ഭേദപ്പെടുത്തിയാൽ കൊള്ളാം:

> In clause 2 (16) (c) explanation, line 4 delete the word 'actual" occurring between the words 'been' and 'renewal' and insert between the words 'renewal' and 'it', the following: "or has been payment of renewal fees."

സർ, മിസ്റ്റർ തോമ്മന്റെ ഭേദഗതി അംഗീകരിക്കുന്നില്ല. കാരണം തിരുവിതാംകൂർ-കൊച്ചി പ്രദേശത്തേക്ക് ഒറി, പണയം, നേർപണയം തുടങ്ങി ഏതെങ്കിലും ഒരു ഇൻസിഡൻസ് മതിയെന്ന നിർദ്ദേശം സ്വീകാര്യമല്ല. ഒറി എന്നുള്ളതു കാണം ആകുകയാണെങ്കിൽ സാധാരണ പാവപ്പെട്ട വസ്തു ഉടമകളുടെ കാര്യം അപകടത്തിലാകും. ഈ ഭേദഗതികളോടുകൂടി ഇതു പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. ഒറിപ്രശ്നം കാര്യമായി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രിയും മറ്റു മെമ്പറന്മാരും ആ കാര്യം പരാമർശിക്കുകയുണ്ടായി. മലബാറിലെ ഒറിയുടെ സ്വഭാവം തന്നെ എന്താണെന്നു് ഈ സഭമുമ്പാകെ ഒരു മെമ്പറും എന്തെങ്കിലും വിശദീകരണമോ, രേഖയോ മുഖേന വ്യക്തമാക്കിയിട്ടില്ല. ഈ സഭയിലും, സെലക്ട് കമ്മിറ്റിയിലും പ്രധാനമായി വന്ന തർക്കം രണ്ടു് ഉപാധികളും കൊള്ളിക്കണമോ ഒന്നു മതിയോ എന്നുള്ളതായിരുന്നു. രണ്ടും വേണമെന്നു സെലക്ട് കമ്മിറ്റി തീരുമാനിച്ചു. ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് തിരുവിതാംകൂർപ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇതു് നിർബ്ബന്ധമായി വേണമെന്നു പറയുകയാണ്. മലബാർഭാഗത്തെ സംബന്ധിച്ചു് ഇങ്ങനെ ഒറിക്കുകൂടിയായ്മ നൽകുമ്പോൾ ഏകീകൃതമായ നിയമത്തിന്റെ പേരിൽ അതിന്റെ ഗുണം അവിടെയുള്ളവർക്കും ലഭിച്ചുകൊള്ളട്ടെ; ആ നിലപാടിൽ ഇപ്പോഴുള്ള ഭൂമി, കൈവശക്കാർക്ക് അവരുടെ താൽപ്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഞങ്ങൾ എതിർക്കുകയല്ല; ഇവിടെ രണ്ടും വേണം, അവിടെ ഒന്നു മതി എന്നു നിർദ്ദേശം നൽകുന്നതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. കുറുപ്പ് തെറ്റിദ്ധരിച്ചു് പറയുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : മന്ത്രി പറഞ്ഞതു് മലബാർ ഭാഗത്തേക്കു് ഏതെങ്കിലും ഒരു ഇൻസിഡൻസ് ഉണ്ടായാൽ മതിയെന്നു്. ഞങ്ങൾക്കു് ഈ കാര്യത്തിൽ വളരെയധികം വിഷമമുണ്ടു്. എനിക്കൊരു ചെറിയ വിശദീകരണം റവന്യൂമന്ത്രി നൽകിയാൽകൊള്ളാം. ഈ ഭേദഗതി അംഗീകരിക്കുമ്പോൾ മലബാർ പ്രദേശത്തെ ഇതെങ്ങനെയാണു ബാധിക്കുക ?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ സെക്ഷൻ, 6—നെപ്പറ്റിയാണു് സംസാരിച്ചതു്. പണയക്കൈച്ചീട്ടു് എന്നൊരു വാക്കു് മലബാറിലുണ്ടു്. ഏതെങ്കിലും വിധത്തിൽ ഒറിയോ, കാണമോ പണയക്കൈച്ചീട്ടായി മാറിയാൽ സെക്ഷൻ 6 അനുസരിച്ചു് എല്ലാ റെമഡീസും ഉണ്ടു്. ആ നിലയിൽ ഇതു രണ്ടുംകൂടി വേണമെന്നു പറയുന്നതിനു അർത്ഥമില്ല ഒറി, പണയം, നേർപണയം, കരിപ്പണയം എന്നിവ ചേർത്തു രണ്ടുംകൂടി ചേർക്കുന്നതുകൊണ്ടു് ബുദ്ധിമുട്ടുള്ളതുകൊണ്ടാണു് തിരുവിതാംകൂർ—കൊച്ചിക്കു മാത്രം അതു മതിയെന്നു പറയുന്നതു്.

Shri M. Narayana Kurup : It will not affect that area.

ശ്രീ. ഇ. പി. ഗോപാലൻ : ക്ലാസ് 6-ൽ മലബാർ ഭാഗത്തു് "Right to prove real nature of transaction" സംബന്ധിച്ചുള്ള തടസ്സം ഇവിടെ ഈ ഭേദഗതി വരുത്തിയാൽ തീരുമെന്നല്ല മന്ത്രി പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : കരിപ്പണയം, നേർപണയം തുടങ്ങിയതു് നടപ്പു പണയമായി മാറിയിട്ടുണ്ടെങ്കിൽ മറുവശത്തെ സംബന്ധിച്ചിടത്തോളം രണ്ടു് ഇൻസിഡൻസ് ഉള്ളതിൽ മലബാറാണു് ഒന്നു വിട്ടുകളയാം.

The amendment (No. 83) moved by Shri C. H. Kanaran, viz.

In clause 2(16)(b), delete 'and' and add 'unless otherwise agreed to by the parties and' was put and carried.

The amendment (No. 84) moved by Shri T. A. Thomman was put and lost.

The amendment (No. 87) moved by Shri P. S. Karthikeyan was by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

The amendment (No. 88) moved by Shri P.R. Madhavan Pillai was by leave, withdrawn.

The amendments (Nos. 90 and 91) moved by Shri C. H Kanaran were by leave withdrawn.

The amendment (No. 92) moved by Smt. K. R. Gouri viz: In sub-clause (16) in the explanation for the word 'actual' the word 'a' shall be substituted was put and carried.

The amendment (No. 93) moved by Shri P. S. Karthikeyan was put and carried in the following form:

In Clause 2 (16) (c) explanation, line 4, delete the word 'actual' occurring between the words "been" and "renewal" and insert between the words "renewal" and "it" the following:

'or has been payment of renewal fees.'

The amendment moved by Smt. K. R. Gouri, viz:

"In clause 2, sub-clause (16), for the words 'and includes such transfer of interest in specific immovable property', the words, "and, in areas in the State other than Malabar, includes such transfer of interest in specific immovable property" shall be substituted, was put and carried.

Mr. Speaker: We will now proceed to the amendments to sub-clause (18).

Smt. K. R. Gouri: I move:

"In clause 2, sub-clause (18) the existing explanation shall be numbered as Explanation 2 and before that Explanation, the following shall be inserted as Explanation 1:—

"*Explanation* 1. Any person who was in occupation of a kudikidappu on the 11th day of April, 1957 and who continued to be in such occupation at the commencement of this Act shall be deemed to be in occupation of such kudikidappu with permission as required under this clause".

ഇതു് ഏതെങ്കിലും വിധത്തിൽ 1957—ഏപ്രിൽ 11—ാം തീയതി കുടിയിരിപ്പായി താമസിക്കുന്ന ആളുകളെല്ലാം ഈ ആക്ടിന്റെ പ്രകാരം ലീസായി ഓണറുടെ സമ്മതത്തോടുകൂടി താമസിക്കുന്ന എന്നുള്ള പ്രിസംക്ഷൻ വരുത്താനാണു്. ശ്രീ. വിശ്വനാഥൻ പറഞ്ഞതുപോലെ അസയിനി എന്നു പറഞ്ഞാൽ തെ അനോമിലി വരും. വേറൊരുസ്ഥലത്തു പറഞ്ഞിട്ടുള്ളതും ഇതും കൂടി കൊരുത്തുക്കെട്ടു് വരാതിരിക്കുന്നതിനും ഇതാവശ്യമാണു്. അതുകൊണ്ടു് ബില്ലിൽ ഉണ്ടായിരുന്നതു് റിസ്റ്റോർ ചെയ്യുമ്പോൾ വിട്ടുപോയതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഞാൻ പറഞ്ഞതും ഇതുമായിട്ടു് യാതൊരു ബന്ധവുമില്ല.

"Any person who was in occupation of a kudikidappu on the 11th day of April 1957 and who continued to be in such occupation at the commencement of this Act shall be deemed to be in occupation of such kudikidappu with permission as required under this clause."

ഇങ്ങനെ പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന ഓണറുടെ സമ്മതത്തോടുകൂടി കുടികിടപ്പായി താമസിക്കുന്നവരെന്നു പരിഗണിക്കണമെന്നുള്ള നിർദ്ദേശമാണുള്ളതു്. ഞാൻ പറഞ്ഞതു് അതെയല്ല. ആയിട്ടുള്ള ആളുകളു-

LIBRARY ARCHIVES Kerala Legislative Assembly

കുടികിടപ്പുകാരായിത്തീരണമെന്നാണു്. ഭാവിയിൽ അസൈൻ ചെയ്യുന്ന ആളുകൾക്കു് കുടികിടപ്പവകാശം കൊടുക്കണമോ വേണ്ടയോ എന്നുള്ളതു് പിന്നീടുള്ള വകുപ്പുകൾ വരുമ്പോൾ തീരുമാനിക്കേണ്ടതാണു്. കുടികിടപ്പു നിരോധനനിയമം വന്നപ്പോൾ അതിനു മുമ്പു് തീറു വാങ്ങിയിട്ടുള്ള കുടികിടപ്പുകാർക്കു് കുടികിടപ്പവകാശം കിട്ടുകയില്ലെന്നു വരുന്നതു കഷ്ടമാണു്. കുടികിടപ്പു നിരോധനനിയമം ഉണ്ടാകുന്നതിനു മുമ്പു പല ഏലിയനേഷൻസും നടന്നിട്ടുണ്ടു്. അതെല്ലാം കണക്കാക്കാതെ അവരും കുടികിടപ്പുകാരായിത്തീരണമെന്നുള്ള നിലയിലാണു് ഞാൻ ഭേദഗതി കൊണ്ടുവന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കുടികിടപ്പറൈറു് ഡാക്കുമെന്റോടുകൂടി ഉള്ളതാണോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : തീറെന്നു പറഞ്ഞുകഴിഞ്ഞാൽ ഡാക്കുമെന്റാകും. കുടികിടപ്പുനിരോധനനിയമം അതിനു മുമ്പുള്ള തിനെ ബാധിക്കുമെന്നു് ഇവിടെ വ്യാഖ്യാനമുണ്ടായി. തീറുവാങ്ങി വളരെക്കാലമായി താമസിക്കുന്നവർ കാണും. അവർക്കും കുടികിടപ്പവകാശം കിട്ടണം. അങ്ങനെ ഉള്ളവർക്കു് ഇതുകൊണ്ടു് മോഷം വരുമെന്നു വിചാരിച്ചാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചതു്. ഏപ്രിൽ 11-ാം തീയതി എന്നുള്ളതു മാറി ആദ്യം കുടിയിറക്കു നിരോധന നിയമം വന്ന ഡേറ്റു് ചേർക്കണം. അതിനുമുമ്പുള്ള ഏലിയനേഷനു് സംരക്ഷണം കിട്ടാതെ പോകരുതെന്നു് വിചാരിച്ചാണു് ഭേദഗതി കൊണ്ടുവന്നതു്.

Shri P. T. Chacko : I am opposing the amendment which has been moved by the hon. Minister. If this explanation is also added, it would be that if a person who was in occupation of a kudikidappu on the 11th day of April 1957 happens to leave the kudikidappu temporarily the owner can come forward and contend that a particular kudikidappukaran was not in occupation on the 11th day of April, 1957. So, I am of the view that this explanation is likely to create confusion. If this explanation is added a right would arise for the owner of the property to come forward and contend that a particular kudikidappukaran was not in occupation on the 11th April 1957. I doubt whether the amendment will be of any help to any kudikidappukaran.

Mr. Speaker : Provided he is continuing in occupation, he will get the right.

Shri P. T. Chacko : Provided only if he is continuing in occupation. Suppose he is not in occupation on the 11th day of April 1957? My view is that this explanation would lead to complications.

On the other hand, without the explanation, every kudikidappukaran will have the right to the kidikidappu.

Smt. K. R. Gouri : "Kudikidappukaran means a person who has no homestead or land, either as owner or tenant in possession to erect a homestead and....."

എന്നുള്ള നിർവ്വചനം നോക്കുകയാണെങ്കിൽ ഈ അമെൻറുമെൻറുകൊണ്ടു വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. കുടികിടപ്പുകാരൻ എന്നുള്ളതിന്റെ ഡഫനിഷൻതന്നെ ഒരു ഹോംസൈറും ഇല്ലാത്ത ആൾ മാത്രമാണെന്നാണു്. അങ്ങനെവരുമ്പോൾ പ്രതിപക്ഷനേതാവു് പറഞ്ഞ സംശയം നേരിടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

രണ്ടാമത്തേത് പ്രിസംപ്ഷനെപ്പറ്റിയാണ് പറഞ്ഞത്. പ്രിസംപ്ഷൻ എപ്പോഴും കുടികിടപ്പുകാരനു് അനുകൂലമായിരിക്കും. ഇതിൽ കണ്ടിഷണലായിട്ടു നാം പറയുന്നുണ്ട്.

"any person who on the 11th day of April 1957 was in occupation of a kudikidappu and who continued to be in such occupation at the commencement of this Act shall be deemed to be in occupation of such kudikidappu with permission as required under this Clause."

ഈ ഭേദഗതിയുള്ളതുകൊണ്ട് മി. വിശ്വനാഥന്റെ ഭേദഗതിക്കു് അവകാശമില്ല. Those persons who are on the kudikidappu on 11-4-'57 and continued to be there at the commencement of this Act shall be presumed to be kudikidappukars even if they came by transfer and any such thing. Those persons are there could be easily proved by reference to electoral rolls or to ration cards. So, Mr. Viswanathan's amendment is not necessary. If that amendment is accepted we are bound to accept the right of alienation of kudikidappukars.

പിന്നെ ഞാൻ മുമ്പു പറഞ്ഞതുപോലെ അന്യൈസൻ ചെയ്യുന്ന കാര്യത്തിൽ ഇന്നത്തതെന്നു തിരിയുന്നു Transfer ചെയ്യാൻ പാടില്ല എന്നു പറയുകയും ഇന്നിപ്പോൾ 1957-തൊട്ടു് alienate ചെയ്യാൻ അവകാശമുണ്ടെന്നു് അംഗീകരിക്കുകയും ചെയ്താൽ അതു് ഒരു അനാമലി എന്നു തോന്നിവരും. പിന്നെ കുടികിടപ്പുകാരൻ അല്ലാതെന്നയാണെന്നും, അതു രാണവരെ കൺസെന്റോടു കൂടി ആണെന്നും ഉള്ള പ്രിസംപ്ഷനും കുടികിടപ്പുകാരനു് ഫേവറബിളായിട്ടായിരിക്കും. അതു തെളിയിക്കുന്നതിനും വിഷമമുണ്ടായിരിക്കുകയില്ല.

Shri T. A. Thomman : But a trespasser, mortgagee, lessee or his son or wife, all these may be in occupation of a kudikidappu So, "any person" will not serve the purpose. Let us not enact with haste. Let us fully understand the implications of the words which we use in drafting such enactments. Otherwise we will have to amend at leisure. I am at a loss to know the implication of the expression "any person".

Shri E. Chandrasekharan Nair : He must be in occupation with the permission of the land owner.

Smt. K. R. Gouri : A person who is in occupation on the 11th day of April 1957, will be deemed a kudikidappukaran under this Act.

എന്നാണു് ഇതിനകത്തുള്ളതു്. കുടികിടപ്പുകാരൻ എന്നുള്ളതു് ടെസ്പാസറും മറ്റുമാകുന്നു അതുകയില്ല. Mr. Thomman-ന്റെ സംശയം അസ്ഥാനത്താണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: എന്നെ എക്സ്പ്ലനേഷൻ കൊണ്ടു് തോമ്മൻ പറഞ്ഞ ബുദ്ധിമുട്ട് കുറെത കുഴിക്കാം. അ എക്സ്പ്ലനേഷൻ അംഗീകരിക്കുകയാണെങ്കിൽ ഈ വ്യാഖ്യാനത്തിനു് ഇടവരുകയില്ല.

Shri T. K. Ramakrishnan : I move :

"In clause 2, sub-clause (18) the existing Explanation shall be numbered as Explanation No. I and the following shall be added as Explanation No. II, namely:—

LIBRARY ARCHIVES Kerala Legislative Assembly

"*Explanation No. II.*—Where any kudikidappukaran secures any mortgage with possession over the land in which the kudikidappu is situate, his kudikidappu right shall revive on the redemption of the mortgage, provided that he has at the time of redemption, no homestead or land either as owner or as tenant in possession, to erect a homestead."

ഇപ്പോൾ ഉള്ള എക്സ്പ്ലനേഷനുപുറകെ രണ്ടാമത്തെ എക്സ്പ്ലനേഷനായി ഇതു ചേർക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു. കുടികിടപ്പു ഭൂമി ആ കുടികിടപ്പുകാരന്റെപേരിൽ ഒറിയായി എഴുതിവച്ചു. ആ ഒറി ഒഴിഞ്ഞുകൊടുത്താൽ നിലവിലുള്ള നിയമപ്രകാരം കുടികിടപ്പും ഒഴിയണം. അതു പാടില്ല. കുടികിടപ്പവകാശം ആ സ്ഥിതിയിൽ നിലനിൽക്കണം. ഈ ഉദ്ദേശത്തോടുകൂടിയാണു ഈ ഭേദഗതി അവതരിപ്പിക്കുന്നതു".

ശ്രീ. ആർ. ജനാർദ്ദനൻ നായർ : സർ, ഞാൻ ഈ അമെൻഡുമെന്റിനെ അനുകൂലിക്കുകയാണു. ഇതിനു മുമ്പു ഇവിടെ പല ജനയബില്ലുകളും ഹാജരാക്കിയപ്പോൾ അതിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി കുടികിടപ്പുകാരെയെല്ലാം ചെറിയചെറിയ ഒറിവ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടു. വെറും തുച്ഛമായ തുകയ്ക്കാണു അവ നടത്തിയിട്ടുള്ളതു. തുക കൊടുത്തുതീരിക്കുകയില്ല. ജന്മിമാർ അവരെ വിളിച്ചു ഒരു ചെറിയ തുകയ്ക്കു കുറെ സെന്റു ഭൂമി അവരുടെ പേരിൽ ഒറി എന്നൊക്കെ എഴുതി വച്ചിട്ടുണ്ടു. അങ്ങനെയുള്ള ആളുകൾക്കു അവർക്കു കിട്ടിയ ആ ഭൂമിയല്ലാതെ വേറെ സ്ഥലമില്ല. ഈ ഒറി ഒഴിയുന്ന സന്ദർഭത്തിൽ അവർക്കു കുടികിടപ്പിനു ഒരു സ്ഥലം വേണം. ഈ പ്രദേശങ്ങളിൽ അങ്ങനെയുള്ള കുടികിടപ്പുകാരുണ്ടു. അതുകൊണ്ടു ഈ അമെൻഡുമെന്റു സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഞാൻ ശ്രീ. രാമകൃഷ്ണന്റെ ഭേദഗതിയെ എതിർക്കുകയാണു.

Shri P. T. Chacko : I should like to suggest that this sub-clause may be held over.

Mr. Speaker : What has the Revenue Minister to say?

Smt. K. R. Gouri : I have no objection.

The sub-clause (18) was held over.

Mr. Speaker : So, we shall proceed to sub-clause (19).

Smt. K. R. Gouri : I move the following amendment:

In Clause 2 for sub-clause (19) the following shall be substituted, namely:—

"(19) 'Kudiyirippu' means a holding or part of a holding consisting of the site of any residential building, the site or sites of other buildings appurtenant thereto, such other lands as are necessary for the convenient enjoyment of such residential building and easements attached thereto, but does not include a kudikidappu."

സർ, മലബാർ ടെനൻസി ആക്ടിൽ കുടിയിരിപ്പു രണ്ടുവിധത്തിൽ ഉണ്ടായിരുന്നു : കുടിയിരിപ്പും സെപ്പാറേറും കുടിയിരിപ്പും. ഈ ബില്ലിൽ ഒരു കുടിയിരിപ്പിന്റെ ഡഫനിഷൻ മാത്രമാണു ഉള്ളതു. അതു രണ്ടും ഉൾപ്പെടുത്താനാണു ഭേദഗതി.

ശ്രീ. എം. നാരായണക്കുറുപ്പു : അതു കുറെകൂടി വ്യക്തമാകാനുണ്ടു. കുടിയിരിപ്പു കുടിയാൻ ഉണ്ടാക്കിയതു, അല്ലെങ്കിൽ തീറുവാങ്ങിയതു ആയിരിക്കണം. ഇവിടെ അതു വ്യക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

So after the words "the site of any residential building" insert the words "belonging to the tenant".

Smt. K. R. Gouri : Not the building, only the site.

Shri M. Narayana Kurup : Suppose the building belongs to the landowner?

Smt. K. R. Gouri : Here only the site is mentioned.

ശ്രീ. സി. എച്ച്. കണാരൻ : സർ, ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി മലബാർ ടെനൻസി ആക്ടിലുള്ളതാണ്. കുടിയിരിപ്പ് അവകാശം ഇനിയും വെട്ടിച്ചുരുക്കുന്നവിധത്തിൽ നാം നിയമം ഉണ്ടാക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : കുടിയിരിപ്പ് എന്നു പറയുന്നതു തെറ്റിദ്ധരിച്ചു പറയുകയാണെന്നതോന്നുന്നു ; കുടിയിരിപ്പു സ്ഥലത്തെപ്പറ്റിയാണ് ഇതിൽ പറയുന്നതു.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, രണ്ടുജാതി കുടിയിരുപ്പുണ്ടെന്നു ; കുടിയിരിപ്പും, സെപ്പറേറ്റ കുടിയിരുപ്പും. കുടിയിരിപ്പിന്റെ ഡഫനിഷനിൽ സബ് ടെനൻറും ഉൾപ്പെട്ടതാണ്. അതുകൊണ്ട് രണ്ടാമതും കുടിയിരിപ്പിനും പുതിയ നിർവ്വചനത്തിന്റെ ആവശ്യമുണ്ടോ ? പുതിയ നിർവ്വചനം കൊണ്ടു ഹോൾഡിംഗ് ആകുമെന്നു പറഞ്ഞിട്ടുണ്ട്. 'a holding or part of a holding' എന്നു പറയുന്നുണ്ട്. രണ്ടിലും ഹോൾഡിംഗ് എന്നു പറയുന്നു. പുതിയ ഭേദഗതികൊണ്ടു നേരത്തെ ഉണ്ടായിരുന്ന നിർവചനത്തിന്റെ ഫലം തന്നെയാണുള്ളതു.

ശ്രീമതി കെ. ആർ. ഗൗരി : മലബാറിൽ രണ്ടുതരത്തിൽ കുടിയിരിപ്പുണ്ട്. ഒരു സൈറമാത്രം കുടിയിരിപ്പിനു വാങ്ങി വെറും പാട്ടത്തിനു കൊടുത്താൽ അതൊരു സെപ്പറേറ്റ കുടിയിരിപ്പായി പരിഗണിക്കും. അതു രണ്ടുംകൂടി ചേർത്താണ് 'a holding or part of a holding' എന്നു ചേർത്തിരിക്കുന്നതു.

ശ്രീ. കെ. കെ. വിശ്വനാഥൻ : ബഹുമാനപ്പെട്ട മന്ത്രി പറയുന്ന കാര്യമറിയില്ലല്ല അതു വായിച്ചതു. ലീസ് ഹോൾഡർ എന്ന നിലയിൽ അതു വരികയില്ല. അവരെക്കൂടി ഉൾപ്പെടുത്തണമെങ്കിൽ ഡഫനിഷനിൽ വേറെയും ചിലതു ചേർക്കേണ്ടിവരും. രണ്ടുകൂട്ടരെയും ചേർക്കണമെങ്കിൽ പ്രത്യേകം ഡഫനിഷൻ വേണ്ടിവരും.

ശ്രീ. എം. നാരായണക്കുറുപ്പ് : 'The site or sites of other buildings and 'site of any residential building' എന്നും പറയുന്നുണ്ട്. അതിന്റെ വ്യത്യാസം എന്താണെന്നു മനസ്സിലാകുന്നില്ല. കുടികിടപ്പെന്നു പറഞ്ഞാൽ ബിൽഡിംഗ് കൂടി ചേർന്നതാണ്.

The amendment moved by Smt. K. R. Gouri, Viz.,

In clause 2 (19) the following shall be substituted, namely:

"(19) 'Kudiyiruppu' means a holding or part of a holding consisting of the site of any residential building, the site or sites of other buildings, appurtenant thereto, such other lands as are necessary for the convenient enjoyment of such residential building and easements attached thereto, but does not include a Kudikidappu." was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thomman: Sir, I move the following amendment (No. 139):

"Add as clause 2 (20A) the following:

"Land" means land which is used or which is capable of being used for agricultural purposes and includes;

(i) the sites of farm, buildings, appurtenant to land used for agricultural purposes;

(ii) the sites of dwelling houses occupied by agriculturists, agricultural labourers or artisans and land appurtenant to such dwelling houses; and

(iii) the sites of structures used by agriculturists for allied pursuits".

Sir, we are enacting legislation with regard to land reforms. So, it is necessary to define what land is so that we may be able to know precisely and definitely what kind of lands will come within the purview of this legislation. It is admitted that it deals with agricultural lands. This is meant primarily as a legislation for restricting and defining the relationship between the landlord and the tenant with regard to agricultural lands and also to limit their ceiling and not with regard to any other land. There may be rocks which are unfit for cultivation. There may be sandy areas which are unfit for cultivation. We do not intend to have a ceiling of rocky or sandy areas or other similar lands. We want only restriction on agricultural land. So, it is necessary to define what 'land' is for the purpose of this legislation. A similar definition is found in the Bill published by the Mysore Government. Unless and until we define what land is for the purpose of this Act in its practical application and implementation, difficulties will creep up. We can be sure that every word that we use in this legislation will come up for interpretation and elucidation in Courts of Law.

Shri E. P. Poulose: What is the definition of the word 'land' in Mysore?

Shri T. A. Thomman: "Land" means land which is used or which is capable of being used for agricultural purposes. The Mysore Bill has not yet been passed. It has only been placed before the Select Committee. I think it is better to define the word 'land'. I am told that the word 'land' is defined in the Hyderabad Bill also. We must know what we are legislating. We must know whether we are legislating for agricultural land or for the entire land in the State including agricultural and non-agricultural land. As I understand it, the Bill envisages legislation only with regard to agricultural land and not with regard to any other land. So, it is necessary to define the word 'land'. It is with that object in view that I have moved the amendment.

LIBRARY ARCHIVES Kerala Legislative Assembly

Shri C. A. Mathew: I support the amendment.

Mr. Speaker: The House will now adjourn and meet again at 2 p. m.

The House adjourned at 1 p. m. for lunch and met again at 2 p. m. with Mr. Speaker in the Chair.

Shri P. T. Chacko: Sir, I am supporting the amendment (No. 139) moved by Shri Thomman. Unless a definition is given for land in the Bill, it might create complications and in some cases it will perperate some injustice. Sir, I would like to point out one such instance. Here is Clause 35. Under Clause 35 (2), any person in possession of a land on which there is a homestead in the occupation of a kudikidappukaran, can require that kudikidappukaran to shift the homestead to another site, and that site should be within one mile of the homestead. Now, unless this definition is included, it is possible for an owner to give worthless and useless land to the kudikidappukaran and require him to shift the homestead. There may be cases especially in the hilly areas where land which is absolutely useless for a homestead or for any sort of cultivation is easily available. Such land where it is available can be given to the kudikidappukaran and under clause 35(2) he is bound to shift his residence there. In some cases, it may not be possible for the kudikidappukaran to make a new homestead in the land thus given. Now if this definition is accepted, that difficulty will be removed, because only land which can be utilised will come under the definition. There are other difficulties also like this. I want only to point out this to show the necessity for including a definition for the word 'land'. Mr. Thomman has pointed out that in many other Bills, some of which have already become law in other States and some of which are pending before the legislatures in other States, the definition for 'land' is given. I submit that the Government may consider this amendment and accept it.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ലാൻഡിന്റെ ഡെഫനിഷൻ ഇല്ലെങ്കിൽ അതിന്റെ വാക്കർത്ഥം എടുക്കുകയില്ലേ? ഡെഫനിഷൻ വരുമ്പോൾ റെസ്ട്രിക്ടീവ് ആകുകയല്ലേ?

ശ്രീ പി. ടി. ചാക്കോ: 35-ാം ക്ലോസനുസരിച്ച് കുടികിടപ്പുകാർക്ക് അഞ്ചോ പത്തോ സെന്റ് കൊടുക്കുന്നതു വല്ല പാറയും കുറ്റിക്കാടുമായാൽ മതിയോ? അതുകൊണ്ട് ലാൻഡിനു ഒരു ഡെഫനിഷൻ ഉണ്ടാകുന്നതു പ്രയോജനകരമായിരിക്കും.

Shri R Raghava Menon: Sir, now we are having an Agrarian Relations Bill; it means it is a Bill having agrarian objectives and as such, it is very necessary that a definition of the subject matter about which the legislation is contemplated must be incorporated into the Bill That is how we must deal with this matter logically. It is necessary that what we are legislating and what kind of land is included within the scope of this legislation,

LIBRARY ARCHIVES Kerala Legislative Assembly

what is left out of it etc., are defined, in order that our Act may be an all-comprehensive and self-contained one. For that, it is necessary to include this definition of 'land' in the Bill. I do not think there can be any objection to that.

My friend was saying here about rocks and rocky lands. I do not know if rocks would be included or not; any how rocks would become important hereafter; but utterly useless land cannot be included within this legislation. So, lands which can never be legislated upon or which can never be a subject matter of a legislation, should be left out.

So, I support Mr. Thomman's amendment in the absence of anything better to choose.

Smt. K. R. Gouri: Sir, I oppose this amendment.

Shri E. P. Poulose: Sir, before the Minister replies, I want to submit one thing. I also support the amendment of Mr. Thomman but I think amendments should also be made to define "agriculturist", "agricultural purposes", etc. We should also exclude from the purview of this Bill lands which will be valuable as quarry lands.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ഇതിനെ എതിർക്കുകയാണു്. ക്ലാസ്സു് 2 (7)-ൽ ഭൂമി എല്ലാ നിലയിലാണു് ക്ലാസിഫൈ ചെയ്യേണ്ടതെന്നു പറഞ്ഞിട്ടുണ്ടു്. അപ്പോലെ തന്നെ ഏതെല്ലാമാണു് ഒഴിവാക്കുന്നതെന്നു് Exemption വകുപ്പിലും വരുന്നുണ്ടു്. ഇതിനും പുറമേ ലാൻഡിനു് ഒരു പ്രത്യേക ഡെഫനിഷൻ ആവശ്യമില്ലെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. പി. ടി. ചാക്കോ : 35 (2) ഉപവകുപ്പനുസരിച്ചു് കുടികിടപ്പുകാരനു് 10 സെൻറ് കൊടുത്താൽ ഒഴിഞ്ഞുപോയേ മതിയാകൂ. അങ്ങനെ 10 സെൻറ് കൊടുക്കുന്നതു പ്രയോജനരഹിതമായ ചതുപ്പുനിലമോ, പാറയോ മതിയോ?

ശ്രീമതി കെ. ആർ. ഗൗരി : ലാൻഡിനു് ലീഗൽ ലെക്സിക്കണിൽ ഡിഫനിഷൻ ഉണ്ടു്. അതുകൊണ്ടു് പ്രത്യേകം റസ്ട്രിക്ട് ചെയ്യാൻ പാടില്ല. പിന്നെ ഏതെങ്കിലും വിധത്തിലുള്ള ബുദ്ധിമുട്ടു് വരികയാണെങ്കിൽ 'കരംചുമത്തുന്ന ഭൂമി' എന്നോ മറ്റോ ഒരുവാക്കു് ചേർത്താൽ മതി.

Mr Speaker: There is only one amendment to sub-clause (20).

The amendment (No. 139) moved by Shri T. A. Thomman was put and lost.

Smt. K. R. Gouri: Sir, I move: (No. 140)

In clause 2 in sub-clause (21) for the words "and includes a landowner" the words "and includes a landowner and an intermediary" shall be substituted. ഇതു് ലാൻഡ് ഓണർ എന്ന ഡെഫനിഷനിൽ ഇൻറർമീഡിയറി എന്നു കൂടി ചേർക്കണമെന്നുള്ളതാണു്. ഇതു് വിട്ടുപോയതാണു്.

I also move (No. 141) that in sub-clause (21) the words 'or michavaram' shall be omitted. ഇതും അതേ ക്ലോസ്സിലെയുള്ളതു തന്നെയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിൽ ഇൻറർമീഡിയറി എന്നു് ചേർക്കണമെന്നുള്ള ഭേദഗതി തീരെ ആവശ്യമില്ലെന്നാണു് എൻറെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

കാരണം ഒരൊറ്റ സംഭവമെങ്കിലും ഡഫനിഷനിൽ പെടാത്തതു് പറയാൻ കഴിയുമെന്നു് ഞാൻ വിചാരിക്കുന്നില്ല. എ ബി-യ്ക്കു് കൊടുത്തു, ബി സി-ക്കു് കൊടുത്തു, സി ഡി-യ്ക്കു് കൊടുക്കുന്നു. അപ്പോൾ ബി, സി, ആണു് ഇൻറർമീഡിയറി. അപ്പോൾ ഇൻറർമീഡിയറിയും ലാൻഡ്ലോർഡെന്നുള്ള ഡഫനിഷനിൽ വരുന്നുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : അതു ചേർത്താൽ സംശയമുണ്ടാകാതിരിക്കും. അതുദ്ദേശത്തിൽ ആണു് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

Mr. Speaker : 'Landlord' means a person under whom a tenant holds and to whom he is liable to pay rent—that is sufficiently exhaustive. If a tenant holds under an intermediary, then he will also come within this definition.

The amendment (No. 140) moved by Smt. K. R. Gouri was withdrawn. The next amendment (No. 141) moved by Smt. K. R. Gouri, viz.

In sub-clause (21) the words "or michavaram" shall be omitted was put and carried.

Smt. K. R. Gouri : Sir, I move : (No. 142)

In clause 2 sub-clause (22)

(i) In item (iii) the word 'and' shall be deleted ;

(ii) at the end of item (iv), the word 'and' shall be added;

(iii) the following shall be added as item (v), viz.;

"(v) a tenant holding under Pattazhi Devaswom".

സർ, പട്ടാഴി ദേവസ്വത്തെ സംബന്ധിച്ചു പ്രത്യേകമായിട്ടു ഒരു Bill കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടാണു്. ഇതും ഒഴിവാക്കണമെന്നു്. കൊണ്ടുവന്നിരിക്കുന്നതു്. Travancore Devaswom Board-മായി ചർച്ച ചെയ്തു് ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലാണു് ആ Bill draft ചെയ്യുന്നതു്. ശ്രീപണ്ടാരവകയും ശ്രീപാദവും വക വസ്തുക്കൾ കരമൊഴിവായിരിക്കുന്ന വസ്തുക്കളാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : കരമൊഴിവായിട്ടുള്ള വസ്തുക്കൾ വേറെയെവിടെയെങ്കിലുമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : വേറെയില്ല എന്നാണു് തോന്നുന്നതു്. അതിന്റെ കൂട്ടത്തിൽ പുതിയതായൊരു ലെജിസ്ലേഷൻകൂടി കൊണ്ടുവരുന്നുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പട്ടാഴി ദേവസ്വത്തിലെ ടെനൻറസ്സും ദേവസ്വം അധികാരികളുമായി കൊടുക്കേണ്ട പ്രതിഫലത്തെ സംബന്ധിച്ചു് ഇതിൽ കുറഞ്ഞ തോതിൽ ഒരു എഗ്രിമെൻറുണ്ടായിട്ടുണ്ടോ ? ഉണ്ടെന്നുള്ളതായിട്ടാണു് എന്റെ അറിവു്. അതു ശരിയാണോ?

ശ്രീമതി കെ. ആർ ഗൗരി : അതു് ബില്ലിൽ അവതരിപ്പിക്കുന്നതിനുമുൻപു് ഇവിടെ പറയുന്നതു് ശരിയല്ല എന്നാണെന്റെ അഭിപ്രായം-Agreement ന്റെ details വെളിപ്പെടുത്തുന്നതു് ശരിയല്ല.

Shri E. P. Poulose : I move : (No. 143)

In sub-clause (22) (iii) omit the words 'but does not include a person holding Sreepadom lands on Kuthakapattom'.

In clause (3) holdings on kuthakapattom of Sreepadom lands are exempted. I don't know why this alone has been excluded in this sub-clause.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അതിൽ കുത്തകപ്പാട്ടം എന്നു പറയുന്നതു ശ്രീപണ്ടാരവക തന്നതും, നമ്മുടെ ഇവിടെയുള്ള പണ്ടാരവക ഭൂമിപോലെ മൊത്തം കുത്തകപ്പാട്ടംപോലെ മാത്രമേയുള്ളൂ. എന്നാൽ അതിൽ വേറെയാണു് പ്രൊവിഷൻ എഴുതിച്ചേർത്തിരിക്കുന്നതു്. ആ വസ്തു ഗവണ്മെന്റിലേയ്ക്കു് വന്നുകൂടുന്നതും, എട്ടും മൂന്നിലൊന്നും ഇക്കണോമിക് കൊടുക്കുകയാണെങ്കിൽ അതു് ടെനന്റിനു് കൊടുക്കുമെന്നുമാണു് അതിൽ പറഞ്ഞിരിക്കുന്നതു്. Bill-ൽ Sreepadom കുത്തകപ്പാട്ടക്കാർക്കു് പതിച്ചുകൊടുക്കാൻ വ്യവസ്ഥയുള്ളതുകൊണ്ടു് Mr. Poulose-ന്റെ ഭേദഗതി സ്വീകരിക്കാവുന്നതാണു്.

Shri K. T. Thomas: Sir, I move:

In clause 2, sub-clause (22) in amendment No. 142, in the additional item (v) add after the words 'Pattazhi Devaswom' "or Erumely and Paschima Devaswom".

സർ, പട്ടാഴി ദേവസ്വം എന്നതിന്റെ കൂടി എരുമേലി പശ്ചിമദേവസ്വം കൂടിചേർക്കണം എന്നാണു് എന്റെ ഭേദഗതി. പട്ടാഴിദേവസ്വം പ്രത്യേകമായി പരിഗണിക്കുന്നതിനു് കൊണ്ടുവന്ന അതേ വാദങ്ങൾതന്നെ ഞാൻ ഇതിലും കൊണ്ടുവരുന്നു. കാരണം ഇതു പണ്ടാരവക ഭൂമിപോലെതന്നെയുള്ളതാണു്. ഇതു് സർക്കാർ ദേവസ്വമാണു്. ഇതു് കഴിഞ്ഞ കണ്ടെഴുത്തിൽ സർക്കാർ ദേവസ്വമായിട്ടു ഗവണ്മെന്റു് പ്രഖ്യാപിച്ചിട്ടുണ്ടു്. 9984 ഏക്കർ ഭൂമി സർക്കാർ വകതന്നെയാണെന്നു ഗവണ്മെന്റു് പ്രഖ്യാപിച്ചിട്ടുണ്ടു്. പക്ഷേ നിർഭാഗ്യവശാൽ ഇതിൽ 6271 ഏക്കർ സ്ഥലം ദേവസ്വംവകയായിട്ടാണു് അതിനുശേഷം ഗവണ്മെന്റിൽനിന്നും തിരിച്ചിട്ടുള്ളതു്. അതനുസരിച്ചു് ബാക്കി സ്ഥലത്തെ പണ്ടാരവകയായിട്ടും ബാക്കി ദേവസ്വം വകയായിട്ടും അനുഭവിക്കുകയും ചെയ്തുവന്നു. അതുകൊണ്ടു് ഈ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം ആ പ്രതിബന്ധങ്ങൾ മാറിക്കിട്ടേണ്ടതാണു്. പട്ടാഴി ദേവസ്വത്തെക്കുറിച്ചു് പറഞ്ഞതിന്റെ കൂട്ടത്തിൽ ഈ ദേവസ്വത്തിന്റെ കാര്യംകൂടി പരിഗണിക്കണം. അതിനാണു് ഈ അമൻഡ്മെന്റു് ഞാൻ ഹാജരാക്കിയിരിക്കുന്നതു്. അതുകൊണ്ടു് ഈ അമൻഡ്മെന്റു് സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Shri. M. Narayana Kurup: I move:

"In Clause 2 sub-clause (22) definition of landowner, Part iv after the words 'Kanom Tenancy Act 1955' add "and a kanom tenant under the Malabar Tenancy Act 1929".

സർ, ഞാൻ ഇതിനെപ്പറ്റി ദീർഘമായി പ്രസംഗിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ മൂന്നു സ്ഥലങ്ങളിലേയും നിയമനിർമ്മാണം വ്യത്യസ്തമാണെങ്കിലും കാണത്തിന്റെ ഇൻസിഡൻസ് ഒന്നാണു്. തിരുവിതാംകൂർ-കൊച്ചിയിൽ കാണക്കാരൻ ഭൂമിയുടമയാണു്. ഈ നിയമപ്രകാരമെങ്കിലും മലബാറിലെ കാണക്കാരനെ ഭൂവുടമയാക്കിയാൽ കുറെ ഗുണം മലബാർ ടെനൻസിനു കൂടി കിട്ടും. നാം വേറെ ചിലരെക്കൂടി ഈ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നുണ്ടു്. അതു് ആവശ്യമായിട്ടുള്ളതാണെന്നാണു് പറയുന്നതു്. ഈ ബില്ലിലെ പല വ്യവസ്ഥകൾക്കും പരിഹാരമായി ഇതു ഉൾപ്പെടുത്തുന്നതു് ആവശ്യമാണെന്നു കണ്ടുകൊണ്ടാണു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇതു സ്വീകരിക്കുന്നതിൽ കീർച്ചയായും പ്രതിബന്ധങ്ങൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: മി. കുറുപ്പ് ഇതു കൊണ്ടുവന്നിരിക്കുന്നതു മലബാർ കാണം ടെനൻസിനും വസ്തു ഉടമസ്ഥന്റെ അവകാശം കിട്ടണം എന്നുള്ള നിലയിലാണു്. ഇന്നത്തെ നിലയ്ക്കു തിരുവിതാംകൂറിൽ ജന്മികുടിയാൻ റെഗുലേഷൻപ്രകാരം ജന്മിയുടെ അവകാശം നിറുത്തലാക്കിക്കൊണ്ടു് ഒരു നിയമം പാസാക്കിയിട്ടുണ്ടു്. അതു പ്രസിഡൻറിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണു്. കൊച്ചിയിലെ കാണക്കുടിയാൻ ആക്ടനുസരിച്ചു് ജന്മിക്കരം സെറ്റിൽചെയ്തു കഴിഞ്ഞിരിക്കുകയാണു്. അതും സെറ്റിൽ ചെയ്തു കഴിഞ്ഞിരിക്കുന്നതുകൊണ്ടു് വ്യത്യാസം വരുത്തുന്നതു ശരിയല്ല ഇതെല്ലാം നാം ഇവിടെ ചർച്ചചെയ്തുകഴിഞ്ഞശേഷം അവിടെയുള്ള കാണക്കുടിയാന്മാരുടെ അവകാശം അവർക്കുതന്നെ കിട്ടണം എന്നുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിനു് ആ കാണക്കുടിയാന്മാരെ ഏതു വിധത്തിൽ കൊണ്ടുവരാൻ കഴിയും എന്നുള്ളതും ആലോചിക്കുകയുണ്ടായി. മലബാർ കാണക്കുടിയാൻ ആക്ടനുസരിച്ചു് ഇന്നും അവിടെ നിലവിലുണ്ടു്. കാണക്കുടിയാനും, ജന്മിക്കും, അവരുടെ അവകാശങ്ങളും സംബന്ധിച്ചു് യാതൊരു തർക്കവുമില്ല. ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഇപ്പോഴും ഈ പ്രൊവിസ്സോകൊണ്ടു് നമ്മൾ തീരുമെന്നു വിചാരിക്കുന്നതു്, തീരാതിരുന്നേക്കും. അപ്പോൾ ഇതു് ആവശ്യമില്ല എന്നു എനിക്കു തോന്നുന്നു. മിസ്റ്റർ. കുറുപ്പ് എന്താണു് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതെന്നു പറഞ്ഞാൽകൊള്ളാം. ഇതു സ്വീകരിച്ചാൽ fixity of tenure പോലും കാണക്കാരനില്ലാതാകും.

ശ്രീ. എം. നാരായണക്കുറുപ്പ്: ലാൻഡ് ഓണർ എന്നുള്ള അവകാശം കിട്ടണമെന്നുള്ളതാണു്.

Shri E. Chandrasekharan Nair: Then, will not the rate of compensation increase?

Smt. K. R. Gouri: Suppose there are sub-tenants. They will be accepted as owners.

മി. കെ. ടി. തോമസ്: എത്രമേലി ദേവസ്വം, പട്ടാഴി ദേവസ്വം പോലെയാണെന്നു് പറയുന്നതു് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒരിക്കൽ അദ്ദേഹം പറയുന്നു, അതു് ഗവണ്മെൻറ് ദേവസ്വമാണെന്നു്, പിന്നെ മറ്റൊരു വിധത്തിലാണെന്നും ഭൂമി ഗവണ്മെൻറ് വകയും, ദേവസ്വം വകയുമാണെന്നും പറയുന്നു. മറ്റു വിധത്തിലാണെങ്കിൽ ടെനൻറിനു വരാനുള്ള അവകാശം ടെനൻറിനു കൊടുക്കുകയാണു് നല്ലതു്. അതേ സംബന്ധിച്ചു് ഒരു പ്രൊവിസ്സോ ഗവണ്മെൻറിന്റെ മുമ്പിലില്ല. ഒരു എമെൻറുണ്ടായിക്കഴിഞ്ഞതിന്റെ ശേഷം ഒരു ബിൽ ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു് പട്ടാഴിയെ സംബന്ധിച്ചു മാത്രമാണു്. ദേവസ്വം കൂടിയാന്മാർക്കു് fixity of tenure പോലും കിട്ടുകയില്ല. ശ്രീ. ഇ. പി. പൊയലോസിന്റെ ഭേദഗതി അംഗീകരിക്കുന്നു.

Mr. Speaker: Mr. K. T. Thomas, are you pressing the amendment?

Shri K. T. Thomas: Yes.

The amendment moved by Shri K. T. Thomas, was put and lost.

The amendment moved by Shri M. Narayana Kurup was put and lost.

The amendment moved by Smt. K. R. Gouri, viz.

In clause 2, sub-clause (22)—

(i) in item (iii) the word 'and' shall be deleted;

(ii) at the end of item (iv), the word 'and' shall be added;

LIBRARY ARCHIVES Kerala Legislative Assembly

(iii) the following shall be added as item (v), namely—
"(v) a tenant holding under Pattazhi Devaswom"
was put and carried.

The amendment moved by Shri E. P. Poulose viz.,

In sub-clause (22) (iii), omit the words "but does not include a person holding Sreepadom lands on Kuthakapattom" was put and carried.

Shri E. Chandrasekharan Nair: Sir, I move.

(No. 145) "In clause 2, sub clause (25), insert the following words between "licensee" and 'means':—

"for the purposes of this Act". Here the word 'licensee' has got an entirely different meaning. So to restrict the meaning, I am moving the amendment.

Shri T. A. Thommen: I oppose this amendment. The definition clause begins thus. "In this Act, unless the context otherwise requires". So, it reads: "In this Act, unless the context otherwise requires, 'Licensee' means any person who is in occupation of.....etc.". So, it can be seen that there is no necessity at all for this amendment.

Shri E. Chandrasekharan Nair: It is defined in this Act. But the amendment is to restrict the meaning.

Shri T. A. Thommen: I wish to point out, in every legislation it is worded as "In this Act, unless the context otherwise requires.....etc.". To add the words 'for the purpose of this Act' is absolutely unnecessary. It is pure repetition.

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നു പറഞ്ഞാലും ശരി, 'ലൈസൻസി' എന്നു പറഞ്ഞാൽ പിന്നെ പല അർത്ഥവും വരും. വേറൊരു പദം ഇതിനു് ഉപയോഗിക്കുന്നതായിരിക്കും നല്ലതു്.

മി. സ്പീക്കർ: അതിനു് ഒരു അമെൻഡുമെന്റും ഇല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇല്ല; മിനിസ്റ്റർ തന്നെ ആലോചിച്ചു് ചെയ്യുന്നതാണു്. ഒരു നിർദ്ദേശം വയ്ക്കുന്നുവെന്നു മാത്രം.

Shri E. P Poulose: If the present amendment is accepted, that is, to add the words 'for the purposes of this Act', the result will be, "we are adding a second kind of tenancy to the other kinds enumerated in the definition—that is to say, a licensee in all cases will get the rights of a tenant; by implication it amounts to that. In sub clause 47 (g) another set of licensee in Kuttanad taluk is included. Why should we particularise a licensee in Kuttanad Taluk? By implication we say that a licensee will be treated as a tenant. Take the case of *Sampalapattamdar and Sampalachittudar* in the Palghat Taluk. Special connotation is given to cultivators where the tenants have taken the risk of cultivation. There also, by implication license is treated as tenancy. That is what has been done. So I oppose this amendment.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko: As Mr. Thommen has said not for the reasons stated by Shri Poulose—I think the addition of these words is absolutely unnecessary. If the words 'for purposes of this Act' are to be added, it would only become ugly. It would then read like this:

In this Act, unless the context otherwise requires—

"Licensee for the purposes of this Act means any person .....". That is absolutely unnecessary. I hope my friend would withdraw his amendment.

Shri E. Chandrasekharan Nair: If it is unnecessary, I have no objection to withdraw it.

The amendment was withdrawn.

Shri C. H. Kanaran: (No. 149) In clause 2(30) add at the end, the following—

"but for wet lands the normal produce shall be such produce less the cost of harvesting".

Shri E. P. Gopalan: Sir, I move,

2. In clause 2 (30), add the following provisos:—

"Provided that the normal produce of any Nilam irrigated with water for the first time after the commencement of the tenancy in respect of that Nilam from an irrigation work constructed, repaired or maintained wholly at the cost of the Government or a Local Authority or a Co-operative Society or by the tenant shall be determined as if the Nilam had not been so irrigated.

"Provided further that in the case of Nilam registered as double crop Nilam in the registers of Government, account shall be taken as though only a single paddy crop has been raised on the land if it had been converted from single crop into double crop Nilam at the tenant's expense and as though two paddy crops have been raised on the lands if they have been so converted at the landlord's expense.

Explanation: In ascertaining the normal produce in areas where the Malabar Tenancy Act was applicable the yield of the second crop shall be deemed to be half of that of the principal crop which shall be deemed to be the first crop".

സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു് മലബാർ കുടിയാൻ നിയമത്തിൽ നിലവിലുള്ള ചില വകുപ്പുകൾ ഇതിൽ വരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. മലബാർ കുടിയായ്മ നിയമത്തിലെ നാലും എട്ടും വകുപ്പുകളിലുള്ള സംശയിയാണിതു്. വിശേഷിച്ചും പ്രധാനവിളയുടെ പകുതിയായിട്ടു് രണ്ടാംവിള കണക്കാക്കണമെന്നു് അഭ്യർത്ഥിക്കുകയും ചിലർക്കു് അസൗകര്യമുണ്ടാകും. മലബാർ കുടിയായ്മനിയമത്തിൽ ഈ വകുപ്പു് കുറെ നാളായിട്ടുള്ളതാണു്. അതു സാധാരണമായി പ്രയോഗത്തിൽ ഇരിക്കുകയുമാണു്. ഇതിനെ സംബന്ധിച്ചിടത്തോളം കുടിയായ്മനിയമത്തിൽ ഉൾപ്പെടുത്തിയതിനു് ഒരു ചരിത്രമുണ്ടു്. 1954-ൽ മലബാർ കുടിയായ്മ നിയമനത്തിനു് മദിരാശി ഗവണ്മെന്റു് ഉണ്ടാക്കിയ റൂൾസിലാണു് ഈ തത്വം അഭ്യർത്ഥിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : ഒരു വിവരം അറിയാനുണ്ട്. ഒന്നാംവിളയിലാണോ, രണ്ടാംവിളയിലാണോ അധികം ക്രോപ് സുണ്ടാകുന്നത് ?

ശ്രീ. ഇ. പി. ഗോപാലൻ : ഒന്നും, രണ്ടും വിളകളിൽ കൂടുതൽ വിളയെ ഒന്നാം വിളയായി കണക്കാക്കി, അതിന്റെ പകുതിയായി രണ്ടാം വിളയും കണക്കാക്കുകയാണു് പതിവു്.

ശ്രീ. കെ. ചന്ദ്രശേഖരൻ : പ്രധാനവിളഒന്നാം വിളയായി കണക്കാക്കണമെന്നുണ്ടോ ?

ശ്രീ. ഇ. പി. ഗോപാലൻ : മലബാർ ടെനൻസി ആക്ടിലുള്ളതാണു് ഞാൻ വായിച്ചതു്. കുടിയായ്മ നിയമം പാസ്സാക്കികഴിഞ്ഞശേഷം അതിനുണ്ടാക്കിയ റൂൾസിലാണു് ഇതു് പ്രത്യക്ഷപ്പെട്ടതു്. അതിനെ കോടതി ചോദ്യം ചെയ്തശേഷം ഒരു ഭേദഗതി നിയമമായി കൊണ്ടുവന്നു. മലബാറിലെ പാട്ടം നിജപ്പെടുത്തുന്നതിനു് ഇതാണുപയോഗിച്ചിട്ടുള്ളതു്. ഇതെല്ലാം അറിഞ്ഞിരുന്നാൽ ഇതിനെ സംബന്ധിച്ചിടത്തോളമുള്ള അസുഖമായ ഒരു തോന്നൽ ഇല്ലാതെയാകും. ഇതു് ചേർക്കുന്നതിനാണു് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഇവിടത്തെതന്നെ മലബാർ കാണക്കുടിയാന്മാർക്കു് ഇന്നില്ലാത്ത ചില അവകാശങ്ങളും കൊണ്ടുവന്നിട്ടുണ്ടു്. അതേയവസരത്തിൽ ഇന്നു നിലവിലുള്ളതും അനുഭവിച്ചുവരുന്നതും നിയമ കോടതിയിൽ ചോദ്യം ചെയ്തിട്ടും നിയമപരമായ ഒരുമാറ്റം കിട്ടിക്കഴിഞ്ഞിട്ടുള്ളതും ഈ ബില്ലിൽ ഉൾപ്പെടണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

Shri E. P. Poulose: It is difficult to decide which is the principal crop and which yields more. There were differences of opinion as to which crop yield more, the first or the second crop. So, it was decided that the principal crop should be the second crop which would normally yield more. That was the alteration proposed. Here, we don't know which is meant by the first crop.

ശ്രീ. കെ. ഹസ്സൻ ഗനി : ആദ്യത്തെ വിളയാണോ രണ്ടാമത്തെ വിളയാണോ പ്രിൻസിപ്പൽ ക്രോപ്പായി ഉദ്ദേശിക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : പാട്ടക്കോടതിയിൽ ഇരുവിള നിലങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു ചോദ്യം വരാം. ഒന്നാം വിളയിലാണു് സ്ഥിരമായിട്ടു് കൂടുതൽ നെല്ലുണ്ടാവുക എന്നു് പറഞ്ഞാൽ ചില കേസ്സുകളിൽ ശരിയായിരിക്കയില്ല. രണ്ടാം വിളയിലാണു് കൂടുതൽ ഉണ്ടാകുന്നതെങ്കിൽ അതിനെ ഒന്നാം വിളയായി കണക്കാക്കപ്പെടും. ഇതു് മലബാറിൽ നിലവിലുള്ളതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ആദ്യം പറഞ്ഞതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു് നിലവിലിരിക്കുന്ന നിയമംകൊണ്ടു് പാട്ടംസംബന്ധിച്ച കേസ്സുകളും കൂടുമെന്നാണു്. കോടതിക്കു് അതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകുകയില്ല, കോടതിയിൽ പൊയ്ക്കൊള്ളണമെന്നാണു് പറയുന്നതു്. അപ്പോഴും എന്നും കോടതിയിൽ പോകാം. മേലാലെങ്കിലും കോടതിയിൽ പോകാതിരിക്കത്തക്കവണ്ണം പ്രിൻസിപ്പൽ ക്രോപ്പു് ഏതെന്നു് ഇവിടെവച്ചു് തീരുമാനിക്കണം.

മിസ്റ്റർ സ്പീക്കർ : കോടതിയിൽ പോകാത്ത നിയമം ഉണ്ടാക്കണം അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ : മലബാർ കുടിയായ്മ നിയമത്തിലെ വകുപ്പനുസരിച്ചു് പാട്ടക്കോടതിയെ സമീപിക്കുമ്പോൾ മര്യാദപ്പാട്ടം നിജപ്പെടുത്താൻ പ്രയാസം ഇതുവരെ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Raghava Menon: A proposal of the kind in the amendment has been negatived in the Select Committee because it was a very unnatural proposition that found its place in the Malabar Tenancy Act in the Madras Legislative Council.

Shri E. P. Gopalan: Do you mean to say that this Act was passed in the Legislative Council by men who were disloyal to the people?

Shri R. Raghava Menon: In the Madras Legislature there were a number of people who were disloyal to the people and the State and destructive in their ideas of framing legislation. You can never dream that if a man of my standing and nature were there this legislation would have passed. I was not a Minister at the time, nor was I a member. There was a class of people in the legislature then who were untrue to their constituencies and were instrumental to the passing of this enactment. The hon. Speaker should not think that I am using very strong words. What I say is this. My friend said that is the law in Malabar. Hence I wanted to tell how we voted out this in the Select Committee and things were restored to their normal condition. Again, an amendment has been brought to restore the iniquitous provision of the Malabar Tenancy Act. Now, by the nature of the yield the first crop will yield only 4 or 5 fold. Where there is water, the second crop will yield 10 or 15 fold. For the second crop, water is necessary. Where there was reservoir the second crop always yielded double the first crop and sometimes more than that. In doubtful cases we allowed concessions. The fair rent was decided as the net half or 50 per cent of the yield deducting expenses for cultivation. But for not allowing the landlord to get this a device was thought of, that is, deducting the expenses for cultivation, the yield of the second crop was to be taken to be half the first crop. In most cases where there were irrigational facilities, the yield of the second crop was double of the first crop and was never less than the first crop. That was the condition. What did they do then? They got some rules framed. But the Courts did not allow them. So, they thought an amendment of the law was necessary. How was it amended? In the Madras Legislative Assembly members did not know all these difficulties. They said if all the Malayalee members agree we have no objection. We had a Malayalee gentleman as Minister. But unfortunately he did not know anything about cultivation. Probably he never had anything to do with cultivation. So he also agreed. So, the law came to be passed. It was not a law on which all the members exercised their minds or thought about it. If that were so, the law would not have been like that. I will read the amendment. We can know what all absurdity it contains.

3 P. M.

"Provided that the normal produce of any Nilam irrigated with water for the first time after the commencement of the tenancy in respect of that Nilam from an irrigation work

LIBRARY ARCHIVES Kerala Legislative Assembly

constructed, repaired or maintained wholly at the cost of the Government or a local authority or a co-operative society or by the tenant shall be determined as if the Nilam had not been so irrigated". For all lands which had tanks previously or had rainfall, they would not suffer drought. Now who has paid for the irrigation? Is it the tenant? Is it again from the treasury that the money is spent? The land in those areas are already double crop lands. Tanks and other water facilities existed. If there is an irrigation it must be taken "as if the nilam had not been so irrigated". It is a wonderful piece of legislation. Even double crop nilams which did not require water, even in those cases it must be taken to be a land which has been irrigated. In ascertaining the produce half is taken as the basis. Then the second proviso.

"Provided further that in the case of nilam registered as double crop land in the registers of the Government account shall be taken as though only a single paddy crop has been raised on the land if it had been converted from single crop into double nilam at the tenant's expense and as though two paddy crop have been raised on the lands if they have been so converted as the landlord's expense".

That also is an untenable provision. This is a new clause. This does not find a place in the Malabar Tenancy Act The rent is paid by the landlord. If the improvement is made by the tenant he will get the value of the improvement. So, it is a question of adjustment. If the parties do not agree no landlord will take the rent. "In ascertaining the normal produce in areas where the Malabar Tenancy Act was applicable the yield of the second crop.....". That is a geographical untruth, a physical untruth. ".....shall be deemed to be that of the principal crop, which shall be deemed to be the first crop". Invariably that is not so. It may be double or treble where there is irrigation or tank water is available. Malampuzha Scheme came only recently. This is a thing which has been discussed in the Select Committee. The majority said that it need not. In deciding the fair rent gross produce is taken; that is excluding the harvest expenses. We will have to decide on the percentage of the gross produce. Many cases have not gone to the Rent Boards for the simple reason that the tenants have got some conscience. Generally the old rent continues. We strongly opposed this amendment because it is not correct and the tenants have no right to say that the landlords are not entitled to the benefits of the irrigation work that has come into existence as a result of the money spent out of the pockets of the landlords and not the tenants. It is the landlord's money that has brought into existence the irrigation works. Now as it is we must take that there is no irrigation or that irrigation must be used only for the benefit of the tenant. Such discriminatory legislation can never be thought of in any State. This is one of the factors which the Select Committee was good enough to admit. But my friend has brought in another amendment.

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

This is a thing which can never find a place in a legislation. Such a provision can never be conceived of by ordinary people. It is a very difficult position. Not only it makes complications but it is not conciliatory also. It is not fit enough to be brought in a civilized nation. So, I oppose the amendment.

ശ്രീ. കെ. ഹസ്സൻഗനി : ഈ അമെൻഡ്മെൻറിനെ ഞാൻ എതിർക്കുന്നു. മലബാർ ടെനൻസി ആക്ടുമായി ബന്ധപ്പെട്ടിരിക്കുന്നു ഈ രണ്ടാം വിള ഒന്നാം വിളയുടെ പകുതി ആയിരിക്കുമെന്നുള്ളതു മുഴുവൻ സ്വീകരിക്കണമെന്നില്ല. മലബാർ ടെനൻസി ആക്ടുമായി ബന്ധപ്പെട്ടിരിക്കുന്നു ഫെയർ റെൻറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വളരെ വ്യത്യാസം ഇതിൽ വരുത്തിയിട്ടുണ്ട്. അതു പോലെ ഈ ബില്ലിൽ ടെനൻറിനു മലബാർ ടെനൻസി ആക്ടിൽ ഇല്ലാത്ത പല അവകാശങ്ങളും കൊടുത്തിട്ടുണ്ട്. അതുകൊണ്ടു മലബാർ ടെനൻസി ആക്ടിൽ ഉണ്ടു എന്നുള്ളതുകൊണ്ടു ഇതു സ്വീകരിക്കണമെന്നില്ല. കാരണം മറ്റുവിതാംകൂർ-കൊച്ചി പ്രദേശത്തുള്ളതിൽ വ്യത്യസ്തമായ വിള അവിടെ ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എല്ലാ പ്രദേശത്തും ഒന്നിനും രണ്ടിനും ഉള്ളവിളവു് ആ പ്രദേശങ്ങളിലെ കർഷകരിൽനിന്നുതന്നെ അറിയുന്നതിനു സാധിച്ചിട്ടുണ്ട്. ആ അടിസ്ഥാനത്തിൽതന്നെ ഡിസ്ക്രിമിനേറ്ററി യായിട്ടു് പല വകുപ്പുകളും ഇതിൽ വരുന്നുണ്ട്. എല്ലാ കാര്യങ്ങളിലും ഇങ്ങനെ കാണിക്കുന്നതു ശരിയാണോ, എന്നു ബഹുമാനപ്പെട്ട റവന്യൂമന്ത്രി ആലോചിക്കേണ്ടതാണു്.

കൂടാതെ ഇറിഗേഷൻ കൊണ്ടു ഭൂമി നനായാൽ ആയതിൻറെ ആനുകൂല്യം കൂടിയാനമാത്രം നൽകുന്നതു് ശരിയല്ല. അങ്ങനെയല്ലാ എന്നു് ഈ ബില്ലു് മുഴുവൻ വായിച്ചാൽ നമുക്കു മനസ്സിലാകും. അതുകൊണ്ടു് ആ അമെൻഡ്മെൻറു സ്വീകരിക്കരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള : ഞാൻ ഭേദഗതിയെ അനുകൂലിക്കുകയാണു്. മലബാർ ടെനൻസി ആക്ടിലുള്ള എല്ലാ വ്യവസ്ഥകളും അതുപോലെ നിലനിത്തണം എന്നല്ലാഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്. കൂടിയാന്മാർക്കു് അനുകൂലമായ തരത്തിൽ ഭേദഗതി ചെയ്യുമ്പോൾ അനുകൂലിക്കാതെയാതൊരു നിവൃത്തിയുമില്ല. അതുപോലെ തന്നെ ഇറിഗേഷൻ പണികൾ ഗവണ്മെൻറിൽനിന്നുതന്നെയോ, കോവപ്പറേറ്റീവു് സൊസൈറ്റിതന്നെയോ ചെയ്യുകയാണെങ്കിൽ അതിൻറെ പ്രയോജനം മുഴുവൻ ജന്മിക്കുവേണമെന്നു് പറയുന്നു. അതും സ്വീകരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഇതിനു കരം കൊടുക്കാൻ പോകുന്നതു ജന്മിയല്ല, കൂടിയാനാണു്. കൂടിയാൻ കരം കൊടുക്കുന്നസമയത്തിൽ അതിൻറെ അനുകൂലം കൂടിയാനു കിട്ടിയേ മതിയാകൂ. മറ്റൊരു സംഗതി ഒരു ഭൂമി കൂടിയാൻ തന്നെ അവൻറെ അധ്വാനത്തിൻറെ ഫലമായി ഒരുപ്പുനിലമായിരുന്നതു് ഇരുപ്പുനിലമാക്കുമ്പോൾ അതിനു ഫെയർറെൻറിനെപ്പറ്റി പറയുന്ന ഷെഡ്യൂളിൽ പറയുന്നുണ്ടു്. കൂടിയാൻതന്നെ ഒരു ഭൂമി ഒരുപ്പുവായിരുന്നതു ഇരുപ്പുവാക്കിയാൽ ഇന്ന പാട്ടം എന്നു പറഞ്ഞിട്ടുണ്ടു്. അതു ദോഷം എടുത്തുകളയണം എന്നുകൂടി ഞാനീസന്ദർഭത്തിൽ പറയുകയാണു്.

സെലക്ടുകമ്മിറ്റിയുടെ തീരുമാനത്തിനു് എതിരാണു് സഖാവു് ഇ. പി. ഗോപാലൻറെ ഈ ഭേദഗതി എന്നു ഇവിടെ പറയുകയുണ്ടായി. സെലക്ടുകമ്മിറ്റിയുടെ തീരുമാനത്തിനും അഭിപ്രായത്തിനും എതിരായിട്ടു ഇവിടെ വേറെയും ഭേദഗതികളും വന്നിട്ടുണ്ടു്. ജന്മിക്കു് എതിരായിവന്നിട്ടുള്ള ഭേദഗതികളെ ചൂണ്ടിക്കാണിച്ചു് ആക്ഷേപിക്കാൻ ഇവിടെ ശ്രമിക്കുന്നുണ്ടു്. എന്നാൽ കൂടിയാന്മാർക്കു് ഗുണകരമായി കൊണ്ടുവന്ന ഭേദഗതി സെലക്ടുകമ്മിറ്റി റിപ്പോർട്ടിനു വിപരീതമാണു് എന്നു പറഞ്ഞു ആക്ഷേപിക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ ഒന്നാംവിള രണ്ടാംവിളയുടെ പകുതിയാണെന്നു പറയുന്നതു എന്തുമനസ്സിലാക്കിയാണു്. ഏതു മണ്ണിലാണിതു് ?

ശ്രീ. പി. ആർ. മാധവൻപിള്ള : പാലത്തിന്റെ കിഴിൽക്കൂടി ഏറെ വെള്ളം ഒഴുകിപ്പോയിട്ടുണ്ടു്. അതെല്ലാം മനസ്സിലാക്കാതെ ഒന്നാം വിളയും രണ്ടാംവിളയും.ഒക്കെ പറഞ്ഞതുകൊണ്ടു് വിശേഷമില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഈ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. ഈ ഭേദഗതിയെ എതിർത്തപ്പോൾ ജന്മിക്കു വേണ്ടി വക്കാലത്തു പറയുകയാണു് എന്നുള്ള ധാരണയിൽ എന്റെ സുഹൃത്തു ജന്മിയല്ലാത്ത ശ്രീമാൻ പി. ആർ. മാധവൻപിള്ള പ്രസംഗിച്ചുകേട്ടു. സർ, ജന്മിമാക്കു് വേണ്ടിയാതൊരു വക്കാലത്തും ഇവിടെ ഹാജരാക്കുകയല്ല. ഒരു പുതിയബില്കൊണ്ടുവരുമ്പോൾ നിലവിലുള്ള ആനുകൂല്യങ്ങൾ എടുത്തുകളയരുതെന്നുള്ളതു ഒരു തത്വമാണു്. ഏതെങ്കിലും ഒരു നിയമത്തിൽ പ്രകടമായ തെറ്റുണ്ടെങ്കിൽ അതു തിരുത്തുവാനും സമഗ്രമായ നിയമം ഉണ്ടാക്കുവാനും സഭയ്ക്കു് അധികാരമുണ്ടു്. 1929–ലെ മലബാർ കുടിയാൻ നിയമത്തിൽ 1945–ൽ ഒരു ഭേദഗതിയുണ്ടായിട്ടുണ്ടു് ; 1950–ൽ ഒരു ഭേദഗതിയുണ്ടായിട്ടുണ്ടു് ; 1954–ൽ ഒരു ഭേദഗതിയുണ്ടായിട്ടുണ്ടു്. 1956–ൽ അക്ടോബർ 27–നു് അന്നത്തെ സന്ദർഭത്തിനനുയോജ്യമായികൊണ്ടുവന്ന ഭേദഗതിയിൽ രണ്ടാം വിള ആദ്യവിളയുടെ പകുതിയായിരിക്കണമെന്നു വ്യവസ്ഥയുണ്ടാക്കി. രണ്ടാംവിള എന്നുള്ളതു് മലബാർ കുടിയായ്മ നിയമത്തിലില്ലായിരുന്നു. ഇപ്പോൾ 1956 കഴിഞ്ഞു രണ്ടു മൂന്നുവർഷമായി. പണമുള്ള ജന്മിമാരെ സഹായിക്കുന്നതിനു വേണ്ടിയല്ല ഞാനിതു പറയുന്നതു്. ജന്മിമാരെ ഹനിക്കുന്നരീതിയിലുള്ള വളരെയധികം വ്യവസ്ഥകളും ഇതിലുണ്ടു് എന്നു് ജന്മിമാക്കുവേണ്ടി വക്കാലത്തുമായി വാദിക്കാൻ ഹാജരാകാതെതന്നെ ബിൽ ശരിയായി പഠിക്കുന്ന ആളിനു മനസ്സിലാകുന്നതാണു്.

സർ, ജന്മിമാക്കും ദോഷംവരരുതു് ; കുടിയാന്മാക്കും ദോഷം വരരുതു് അങ്ങനെ സാമൂഹ്യമായ നീതി പാലിച്ചുകൊണ്ടുവേണം നാം നിയമം പരിഷ്കരിക്കാൻ. ആ നിലയിൽ നോക്കുമ്പോൾ, ഇന്നത്തെ മലബാർ കുടിയായ്മ നിയമത്തിൽ പ്രകൃതിവിരുദ്ധമായി കാണുന്ന ഈ വകുപ്പു്. എടുത്തുകളയണമെന്നാണു് എന്റെ അഭിപ്രായം. ശ്രീ. ഫസ്സൽഗനി പറഞ്ഞു ; തിരുവിതാംകൂർ കൊച്ചിയെ അപേക്ഷിച്ചു വ്യത്യസ്തമായ കാലാവസ്ഥയോ, കൃഷിസംപ്രദായങ്ങളോ മലബാറിലില്ല എന്നു്. കാലാവസ്ഥയും മറ്റും കേരളത്തിൽ മൊത്തത്തിൽ ഒരേരീതിയിലുള്ളതാണെന്നുപറയാം. കൃഷിയും അങ്ങനെയാണു നടത്തുന്നതു്. തിരുവിതാംകൂറിലെ കാര്യമാണെങ്കിൽ ഒന്നാം വിളയുടെ പകുതിയായിരിക്കുകയില്ല, രണ്ടാംവിളയ്ക്കു കിട്ടുന്നതെന്നു നമുക്കെല്ലാവർക്കും അറിയാം. മലബാറിൽ ഇങ്ങനെയൊരു നിയമം എന്തിനുവേണ്ടി ഉണ്ടാക്കിയെന്നു ഞാൻ വളരെ ആശ്ചര്യത്തോടുകൂടി സന്ദേഹിക്കുകയാണു്. കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി ആരുടെ പ്രേരണകൊണ്ടോ , ഉഷ്പ്രേരണകൊണ്ടോ മലബാർ കുടിയായ്മ നിയമത്തിൽ കടന്നുകൂടിയിരിക്കുന്ന ഈ പ്രകൃതി വിരുദ്ധമായ വകുപ്പു് ഇല്ലാതാക്കുകയാണുവേണ്ടതു്. അതു കൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

[Shri K. M. George in the Chair]:

ശ്രീ. സി. എച്ച്. കണാരൻ : സർ, ഒരു പുതിയ വകുപ്പല്ല ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. മലബാർ ടെനൻസി ആക്ടിലുള്ള ഒരു വകുപ്പാണിതു്. മലബാർ ടെനൻസി ആക്ടറക്കുമ്പോൾ നിയമസഭമുമ്പാകെ വന്നപ്പോൾ, ഇന്നിവിടെ വളരെ ശക്തിയായി കോൺഗ്രസ്സു മെമ്പറന്മാർ ഇതിനെ എതിർക്കുന്നതുപോലെ അന്നത്തെ അവിടത്തെ കോൺഗ്രസ്സുമെമ്പറന്മാർ എതിർത്തതായി കണ്ടില്ല. അന്നത്തെ കോൺഗ്രസ്സു എം. എൽ. എ. മാർ അതു് സമ്മതിക്കുകയായിരുന്നുചെയ്തിട്ടുള്ളതു്. കാരണം അവക്കു് കൃഷിയെ സംബന്ധിച്ചു കുറച്ചുവിവരം ഉണ്ടായിരുന്നു. കൃഷിയെസംബന്ധിച്ചു വിവരം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. കണാരൻ]

ഇല്ലാത്തതുകൊണ്ട് ഇതു പറയുന്നതാണ്. അക്കാണം കൃഷിയെസംബന്ധിച്ച് വിവരമുള്ളതു എന്നു ചോദ്യംവരാം. എന്നാൽ, ഇതുവരെ ഇരുവിള കണ്ടങ്ങളെ സംബന്ധിച്ചിടത്തോളം ജന്മിയും കുടിയാനുമായിട്ടുള്ള ഇടപാടുകളിൽ ഒന്നാം വിളയ്ക്കും, രണ്ടാവിളയ്ക്കും, ഒരു പോലെ പാട്ടം നിശ്ചയിക്കുകയല്ല ചെയ്തിട്ടുള്ളതു്, ആദ്യ വിളയ്ക്ക് പത്തുപറയാണെങ്കിൽ, രണ്ടാംവിളയ്ക്ക് 5 പറ എന്ന തോതിൽ ഇടപാട തീർത്തുവരികയാണ്. കൃഷിയെപ്പറ്റി എന്തെങ്കിലും അറിയാവുന്നവർക്കൊക്കെ അറിയാം ; ഒന്നാം വിളയ്ക്കും, രണ്ടാംവിളയ്ക്കും ഒരുപോലെയല്ല വിളവുണ്ടാകുന്നതു് ; ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ രണ്ടു വിളയ്ക്കും വ്യത്യാസം കാണാം. കൃഷിചെയ്യുന്നതിലും വ്യത്യാസം ഉണ്ടായിരിക്കും. അതുകൊണ്ട് ഒന്നാംവിളയുടെ പകുതി എന്നു നിശ്ചയിച്ചിരിക്കുകയാണ് രണ്ടാം വിളയ്ക്ക്. തന്നെയുമല്ല, ഈ രണ്ടുവിളയിൽ ഏതെങ്കിലും ഒന്നു ചീത്തയായിപ്പോവുക സാധാരണമാണ്. അതുകൊണ്ട് രണ്ടും ഒരുപോലെ കണക്കാക്കുന്നതു ശരിയല്ല. ഇതെല്ലാം മനസ്സിൽവച്ചുകൊണ്ടാണ് ഏറ്റവും നല്ലവിള ഒന്നാംവിളയായും, അതിന്റെ പകുതി രണ്ടാംവിളയ്ക്കു കൊടുക്കത്തക്കവിധത്തിലും ഇപ്പോൾ മലബാറിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. മലബാറിനെസംബന്ധിച്ചിടത്തോളം ഇതു് വളരെ സന്തുഷ്ടമായി നടന്നുവരികയും ചെയ്യുകയാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു പാടശേഖരത്തിൽതന്നെ, ചില നിലങ്ങളിൽ ഒരുവിള മോശമായിരിക്കുമ്പോൾ, മറ്റുനിലങ്ങളിൽ വിള നന്നായിരിക്കും ; അങ്ങനെ വരുമ്പോൾ ആ പാടശേഖരത്തിലെ ഒന്നും, രണ്ടും വിള ഏതെന്ന് എങ്ങനെ നിശ്ചയിക്കും ?

ശ്രീ. സി. എച്ച്. കണാരൻ : അതൊക്കെ ശരിതന്നെ ; ഏതാണോ നല്ല വിള അതു പ്രിൻസിപ്പൽ വിള, അതിന്റെ പകുതി രണ്ടാമത്തെ വിള എന്നു നിശ്ചയിക്കുകയാണ്. ഏതാണോ നല്ല വിള അതായിരിക്കും പ്രിൻസിപ്പൽ വിളയായി കണക്കിലെടുക്കുന്നതു്.

ശ്രീ. ഇ. പി. പൗലോസ് : ഏകദേശം തുല്യമായിവരുമ്പോൾ പ്രിൻസിപ്പൽ വിളയായി ഏതാണ് തിട്ടപ്പെടുത്തുന്നതു് ?

ശ്രീ. സി. എച്ച്. കണാരൻ : ചില സമയത്തുമാത്രമേ അങ്ങനെ സംഭവിക്കാറുള്ളൂ. അതൊക്കെ ജന്മിമാരും, കുടിയാന്മാരും തമ്മിൽ വളരെക്കാലമായി യാതൊരു കുഴപ്പവുമില്ലാതെ ചില കരാറിൽ നടത്തിക്കൊണ്ടുപോരികയാണ്. നല്ലവിള ഒന്നാംവിളയായി കണക്കാക്കി, അതിന്റെ പകുതി രണ്ടാംവിളയ്ക്ക് എന്ന തോതിൽ അവർ ഇടപാട തീർത്തുവരികയാണ്. ഇതിൽ ആർക്കും കുഴപ്പമുണ്ടാകുന്നുമില്ല. ഈ സമ്പ്രദായം മദ്രാസ് അസംബ്ലിയിൽ കാൺഗ്രസുകാർ സമ്മതിച്ചിരുന്നതാണ്.

ശ്രീ. ആർ. രാഘവമേനോൻ : ഒരു ചോദ്യം.....

ശ്രീ. സി. എച്ച്. കണാരൻ : ചോദ്യം ഒടുവിൽ ചോദിക്കാം. സർ, ഇവിടെ ഇതൊരു നിയമമായി കൊണ്ടുവരുമ്പോൾ, അതിൽ സെലക്ട് കമ്മിറ്റി ഇഷ്ടം പോലെ ഭേദഗതിചെയ്യുമെന്നു പറയുന്നതു ശരിയല്ല. സെലക്ട് കമ്മിറ്റിയിൽ എല്ലാ പാർട്ടിയിലെ അംഗങ്ങളും ഉണ്ടായിരുന്നു. സെലക്ട് കമ്മിറ്റിയിലെ പ്രതിപക്ഷം അംഗങ്ങളും ചേർന്നു തീരുമാനിച്ച അഭിപ്രായം റിപ്പോർട്ടു പരിശോധിച്ചാൽ അറിയാം.

ഭൂമിയിൽ കൃഷിചെയ്യുകയും, കൈവശംവച്ചു പണം ചെലവുചെയ്തു വേണ്ടപോലെ ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആളാരെന്നു അതിന്റെ നികുതിയും കൊടുക്കട്ടെ എന്നാണ് ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. അതു് മലബാർ ടെനൻസി ആക്ടിൽ ഉള്ളതാണ്. അതുപോലെ ഇരുവിള കണ്ടമാക്കി, ഒരുവിളയെ നന്നാക്കിയെടുക്കുന്നതിനു് യഥാർത്ഥത്തിൽ ആരാണ് പണം ചെലവുചെയ്തതെന്നു നോക്കി ജന്മിയാണെങ്കിൽ ജന്മിക്കു് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവുകൊടുക്കണം. അതല്ല കൃഷിക്കാരന്റെ അധ്വാനം കൊണ്ടാണു് നിലം നന്നാക്കിയതെങ്കിൽ അതിന്റെ ചെലവു് അയാൾക്കു കൊടുക്കണം. ഈ കാര്യം ആരോടുചോദിച്ചാലും ന്യായമാണെന്നു തന്നെ പറയും. വലിയ നിയമപരിജ്ഞാനമൊന്നും ഇതിനാവശ്യമില്ല. സാധാരണക്കാർക്കും അറിയാവുന്ന ഒരു കാര്യമാണിതു്.

ശ്രീ. ഇ. പി. ഗോപാലന്റെ ഭേദഗതി ഗവണ്മെന്റു സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. ശ്രീ. രാഘവമേനോൻ എതിർക്കുന്നതിൽ അതിശയമില്ല. അദ്ദേഹം ഇതിനെ എതിർക്കാതിരിക്കുകയാണെങ്കിൽ അതായിരിക്കും അതിശയം.

ചെയർമാൻ : മി. രാഘവമേനോനു് ചോദ്യം ചോദിക്കണമെങ്കിൽ ആകാം.

ശ്രീ. ആർ. രാഘവമേനോൻ : എന്തിനു ചോദിക്കണം; നോ മത്തു് ചോദിച്ചാൽത്തന്നെ കേൾക്കുകയില്ല; കേട്ടാലും പ്രയോജനമില്ല; അതുകൊണ്ടു ഞാൻ ചോദിക്കുന്നില്ല.

ശ്രീ. ആർ കൃഷ്ണൻ : സർ, ശ്രീ. ഇ. പി. ഗോപാലന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഈ ഭേദഗതിയെ പിൻതാങ്ങിക്കൊണ്ടു് ശ്രീ. പി. ആർ. മാധവൻപിള്ള സംസാരിക്കുകയുണ്ടായി; അതിനോടു് ഞാനും യോജിക്കുകയാണു്. സർ ഇറിഗേഷൻ സൗകര്യം നൽകുന്നതു കൊണ്ടുമാത്രം കൃഷി വിളവുണ്ടാകുമെന്നില്ല. ഇറിഗേഷൻ സൗകര്യം ഉണ്ടായിരുന്നാലും, കർഷകന്റെ അധ്വാനത്തിലും, പണച്ചെലവിലും ആശ്രയിച്ചിരിക്കുകയാണു് ഉല്പാദനത്തിന്റെ കൂടുതൽകുറവുകൾ. വെള്ളം കിട്ടിയതുകൊണ്ടുമാത്രം കൃഷിനന്നാവുമെന്നു കൃഷിയിൽ പരിചയമുള്ള ആരും പറയുകയില്ല. അതോടൊപ്പം വേണ്ടപോലെ പണംചെലവുചെയ്തു സമയംപോലെ അധ്വാനിച്ചാൽമാത്രമേ വിളവുണ്ടാകുകയുള്ളൂ. സാധാരണമായി ആദ്യത്തെ വിളയായിരിക്കും മെച്ചം. വെള്ളം വന്നതിനുശേഷം രണ്ടാമത്തെ കൃഷി നന്നാകണമെങ്കിൽ കൂടുതൽ വളം ചെയ്യണം. വേണ്ടപോലെ വെള്ളംകിട്ടി, നല്ല വളവും ചെയ്താൽമാത്രമേ വിളനന്നാകുകയുള്ളൂ, ഈ വസ്തുതകൂടി അടിസ്ഥാനമാക്കിയാണു് മലബാർ കുടിയായ്മനിയമത്തിൽ ഈ വകുപ്പു ചേർത്തിട്ടുള്ളതു്. അന്നു് മലബാറിലെ എല്ലാ പാർട്ടിയംഗങ്ങളും മുസ്ലിംലീഗു്, പി. എസ്സ്പി., കമ്മ്യൂണിസ്റ്റു്, കോൺഗ്രസ്സു് എന്നീ പാർട്ടികളും ഇതു് അനുകൂലിച്ചു പാസ്സാക്കിയിട്ടുള്ളതാണു്. വെള്ളം കൊടുക്കുന്നതിന്റെ ഋണംകൊണ്ടുമാത്രമല്ല, കർഷകന്റെഅധ്വാനം കൊണ്ടുകൂടിയാണു് വിളവു വർദ്ധിക്കുന്നതു്. അതിന്റെ നന്മ അവനാണു് കിട്ടേണ്ടതു്.

മുഖ്യവിളയുടെ പകുതി രണ്ടാമത്തെ വിളയ്ക്കു് എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതു് ശരിയാണു്. മുഖ്യവിള എന്നു പറയുന്നതു് കൂടുതൽ വിളയ്ക്കാണു്. ആദ്യത്തെ വിള പത്തുമേനി, രണ്ടാമത്തെ വിള അഞ്ചുമേനി എന്നു തോതിലാണെങ്കിൽ ആദ്യത്തേതാണു് മുഖ്യവിള, അതു തന്നെ ഒന്നാംവിളയും. ആദ്യത്തേതു 5 മേനിയും രണ്ടാമത്തേതു 10 മേനിയും ആയാൽ കൂടുതൽ വിളയുള്ളതിനെ ഒന്നാംവിളയായി കണക്കാക്കും. ഇതെല്ലാം മലബാർ കുടിയാൻ നിയമത്തിൽ ഉള്ളതാണു്. കുടിയാന്മാർക്കു സഹായകമായ ഈ ഭേദഗതി അംഗീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ജോസഫു് ചാഴിക്കാടൻ : ശ്രീ. ഇ. പി. ഗോപാലൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

"Normal produce in respect of any land, is the produce which will be raised if the rainfall and seasons were of normal character." അപ്പോൾ കാലാവസ്ഥ, പ്രകൃതി മുതലായവ ശരിയായിരുന്നാൽ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാടൻ]

കുന്ന വിളവാണ് നാർമൽ വിളവ്. ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ഡഫിനിഷൻ വലിയ തരക്കേടില്ല. ഇവിടെ കൊണ്ടുവന്നിരിക്കുന്ന അമെൻഡുമെൻറപ്രകാരം ഗവർമെൻറോ അല്ലെങ്കിൽ പൊതു ഫണ്ടിൽ നിന്നോ നിലം അഭിവൃദ്ധിപ്പെടുത്തി വിളവു വർദ്ധിപ്പിക്കുന്നതായിരുന്നാൽ അതിൻറെ ഗുണം മുഴുവൻ കുടിയാനു കൊടുക്കണമെന്നാണ്. പബ്ലിക്ക് ഫണ്ടിൽനിന്നും നിലം അഭിവൃദ്ധി വരുത്തുന്നെങ്കിൽ അതിൻറെ അവകാശികളായ എല്ലാവർക്കും ഗുണം കിട്ടേണ്ടതാണ്. നേരേമറിച്ച് ഒരുപുനിലം കൂടിയാൻ വളരെ പണം ചെലവുചെയ്തു വെള്ളം എവിടെ നിന്നെങ്കിലും കൊണ്ടുവന്നു ഇരുപുനിലം ആക്കിയിട്ടുണ്ടെങ്കിൽ അതിൻറെ ഗുണം കുടിയാനു കിട്ടണം. പബ്ലിക്ക ഫണ്ടിൽ നിന്നും ചെലവാക്കുന്നതിൻറെ ഗുണം എല്ലാവർക്കും ഒരുപോലെ കിട്ടേണ്ടതാണ്. അങ്ങിനെയുള്ളതിൻറെ അവകാശം ജന്മിക്കും കുടിയാനും പ്രപ്പോഷനേറായ് കൊടുക്കണം. ശ്രീ. ഗോപിനാഥപിള്ള പറഞ്ഞതുപോലെ ജന്മിക്കും കുറച്ച് അവകാശം കിട്ടണം. മലബാറിലോ മറേറാ എന്തൊക്കെ പറഞ്ഞിരുന്നാലും നാം യുക്തിക്കു യോജിച്ച വിധത്തിൽ പ്രവർത്തിക്കണം.

[Mr. Speaker in the Chair]:

ശ്രീ. സി. സി. അബ്രഹാം : ബെറർമെൻറ് ലെവിയായിട്ടും വാട്ടർ സെസ് ആയിട്ടും ഗവണ്മെൻറിനു പണം കൊടുക്കണമല്ലേ ?

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ ലെവി വച്ചിട്ടുള്ളതിനെപ്പറ്റം വലിയ എതിർപ്പില്ലേ ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇറിഗേഷൻ കൊണ്ടു നിലം നന്നാക്കുന്നിടത്തു ബെറർമെൻറ് ലെവി വച്ചിട്ടുണ്ടെന്നോ പറയുന്നു. ഒരാളുടെ കൈവശത്തിലിരിക്കുന്നതിൽ പത്തിനഞ്ചു ഏക്കറിൽ കൂടുതലുള്ളതു എടുക്കാനാണു ഈ നിയമം കൊണ്ടുവരുന്നതു. സർക്കാരിനു ഭൂരിപക്ഷമുണ്ടെങ്കിൽ ആരെ വേണമെങ്കിലും എന്തുവേണമെങ്കിലും ചെയ്യാം. നമ്മുടെ യുക്തിക്കു ചേരുന്നതു നാം ചെയ്യണം. കാലാവസ്ഥയും മറ്റും ശരിയായിരുന്നാൽ നാർമൽ ക്രോപ്പിയുസ് എന്നാണു ഇതിൽ പറഞ്ഞിരിക്കുന്നതു. ചാണകം ഇട്ടോ, സപ്ലൈ ഫാസ്ഫേറസ് ഇട്ടോ വിളവു വർദ്ധിപ്പിക്കുകയാണെങ്കിൽ ഇന്നതെന്നു പറയേണ്ടതല്ലേ? കുടിയാൻറെ കൈവശത്തിൽ നിന്നും പണം ചെലവു ചെയ്തിട്ടുണ്ടെങ്കിൽ അതിൻറെ വലിയൊരു ഭാഗം കുടിയാനു കിട്ടണം. അല്ലാത്തതു ഇരുഭാഗക്കാർക്കും കിട്ടണം. ആ നിലയിൽ യുക്തിക്കു ചേരാത്ത ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : മലബാറിനെ സംബന്ധിച്ചുള്ള വിവരം നല്ല വണ്ണം അറിഞ്ഞുകൂടാ എങ്കിലും പരാധീനത എനിയ്ക്കുണ്ട്. എങ്കിലും ശ്രീ. രാഘവമേനോനും മറുഭാഗത്തിരിക്കുന്ന സ്നേഹിതന്മാരും പറഞ്ഞതിൽ നിന്നു മലബാറിലെ ടെനൻറ്സ് ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾക്കുവേണ്ടിയുള്ളതാണ് ഈ ഭേദഗതിയെന്നു ഞാൻ വിചാരിക്കുന്നു. ശ്രീ. രാഘവമേനോൻ മദ്രാസ് നിയമസഭയിലെ മലയാളിമെമ്പറന്മാരെല്ലാം ഇതിനെ അനുകൂലിച്ചിട്ടുണ്ടെന്നും പറഞ്ഞു. മലബാർ അനുഭവിച്ചുകൊണ്ടിരുന്ന അവകാശം ഇല്ലാതെയാക്കുന്നതു തെറ്റായിരിക്കുമെന്നാണ് എൻറെ അഭിപ്രായം. സ്ഥിരം റോൾഡേഴ്സിനെ സംബന്ധിച്ച് വല്ല വ്യത്യാസം ചെയ്യേണ്ടിവന്നാൽ അതിനെപ്പറ്റി ഗവണ്മെൻറ് പരിശോധിക്കേണ്ടതാണ്. ടെനൻസ് അനുഭവിച്ചുകൊണ്ടിരുന്ന അവകാശം ഇല്ലാതാക്കാൻ ശ്രമിക്കരുതു.

ശ്രീ. ഇ. പി. ഗോപാലൻ : എനിക്കു രണ്ടു വാക്കു പറയാനുണ്ട്.

മിസ്റ്റർ സ്പീക്കർ : സാധാരണ അമൻറുമെൻറ് മൂവ് ചെയ്യുന്ന അവസരം പറയാനുള്ള കാര്യങ്ങളെല്ലാം മൂവു ചെയ്യുന്ന അവസരത്തിൽ പറഞ്ഞുകഴിഞ്ഞാൽ പിന്നെയും പിന്നെയും പറയുന്ന തരത്തിൽ സംസാരിക്കുന്നതിനു സമയം കൊടുക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. പി. ടി. ചാക്കോ ഇവിടെ പറഞ്ഞതു പോലെ മലബാറിലെ കൃഷിക്കാർ ഇതുയും കാലം അനുഭവിച്ചുവന്നിരുന്ന ആനുകൂല്യം കൃഷിക്കാർക്കുവേണ്ടി ഒരു നിയമം ഉണ്ടാക്കുമ്പോൾ അതിൽ നിന്നും എടുത്തുകളയുന്നതു് ശരിയല്ലെന്നുള്ളതുകൊണ്ടു ശ്രീ. ഇ. പി. ഗോപാലന്റെ ഭേദഗതി ഞാൻ സ്വീകരിക്കുകയാണു്.

Mr. Speaker : What do you say about Mr. Kanaran's amendment?

ശ്രീമതി കെ. ആർ. ഗൗരി : അതിന്റെ ആവശ്യം ഇല്ല. ഗ്രോസ് "പ്രൊഡിയൂസ്" എന്നുള്ളിടത്തു അതു ചേർത്തിട്ടുണ്ടു്.

ശ്രീ. സി. എച്ചു്. കണാരൻ : നാർമൽപ്രൊഡിയൂസ് കണക്കാക്കിയാണു് ഫെയർ റെന്റു കണക്കാക്കേണ്ടതു്. ഗ്രോസ് "പ്രൊഡിയൂസിനെ സംബന്ധിക്കുന്ന ഒരു വകുപ്പുണ്ടു്. നാർമൽ പ്രൊഡിയൂസ് എന്നുള്ളതിനു് ഡെഫനിഷൻ ഇല്ലെങ്കിൽ ഫെയർ റെന്റു കണക്കാക്കുന്നതിനു് വിഷമം വരും. അല്ലെങ്കിൽ കൊയിത്തു ചിലവു കണക്കാക്കാതെയായിരിക്കും വിളവു കണക്കാക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : ഒരു വിഷമവും വരികയില്ല. രണ്ടിടത്തു ഇതിന്റെ ആവശ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഷെഡ്യൂൾ രണ്ടിൽ ഇതെല്ലാം പ്രൊവൈഡു് ചെയ്തിട്ടുണ്ടു്.

The amendment (No. 149) moved by Shri C. H. Kanaran was put to vote and declared lost.

The amendment moved by Shri E. P. Gopalan ; viz

"In clause 2 (30) add the following provisos :—

Provided that the normal produce of any Nilam irrigated with water for the first time after the commencement of the tenancy in respect of that Nilam from an irrigation work constructed, repaired or maintained wholly at the cost of the Government or a Local Authority or a Co-operative Society or by the tenant shall be determined as if the Nilam had not been so irrigated.

Provided further that in the case of Nilam registered as double crop Nilam in the registers of Government, account shall be taken as though only a single paddy crop has been raised on the land if it had been converted from single crop into double crop Nilam at the tenant's expense and as though two paddy crops have been raised on the lands if they have been so converted at the landlord's expense".

Explanation :— In ascertaining the normal produce in areas where the Malabar Tenancy Act was applicable the yield of the second crop shall be deemed to be half of that of the principal crop which shall be deemed to be the first crop".

was put to vote and carried.

Shri P. R. Madhavan Pillai: I move in clause 2 (31) omit the words 'a license' after 'means' and add 'an 'agreement' in its place.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup : I move (No. 155) In clause 2 (31) delete the words 'in Malabar' at the end.

എന്റെ അഭിപ്രായം ഞാൻ ആദ്യമേ പറഞ്ഞിട്ടുള്ളതാണു്. കഴിയുന്നിടത്തോളം ഒരു ഏകീകൃതമായിട്ടുള്ള നിയമം നടപ്പിലാക്കണമെന്നുള്ള ഉദ്ദേശത്തിലാണു് അതു എടുത്തു കളയണമെന്നു ഞാൻ പറയുന്നതു്. ഒരു ഗുണം ചെയ്യുകയാണെങ്കിൽ അതെല്ലാവർക്കും കിട്ടണം. ഇവിടെ അതില്ലെങ്കിൽ അതു ഇങ്ങോട്ടു നീട്ടുന്നതിലും ദൃഷ്ടിയില്ല. ഇവിടെ ഓഡച്ചാർത്തില്ലെങ്കിൽ ഇവിടെ ബാധകമാണെന്നു പറയുന്നതുകൊണ്ടു് ആക്ഷേപം വരാനില്ല. ഉണ്ടെങ്കിൽ ഇവിടെയും ഗുണം കിട്ടും. രണ്ടു നിലയിലും മലബാർ എന്നുള്ളതു എടുത്തുകളയേണ്ടതാണു്. നിർദ്ദോഷമായിട്ടുള്ള ഏകീകരണത്തിനും സഹായകമാണു്.

Mr. Speaker : Licence to cut bamboo in other areas than Malabar is not 'Odacharthu'.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : മലബാർ എന്നുള്ള ഭാഗം എടുത്തു കളയരുതെന്നാണു് എന്റെ അഭിപ്രായം. മുള വെട്ടുന്നതിനു് പലർക്കും ലൈസൻസു് കൊടുക്കുന്നുണ്ടു്. ഇതു് പൊതുവേ ബാധകമാക്കിയാൽ ഇവിടെയുള്ള വനം മുഴുവൻ നശിക്കും.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെന്റു വനം ഇതിൽ പെടുകയില്ലെന്നു അറിയാമോ ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : അറിയാം. ഓടച്ചാർത്തു് തിരുവിതാംകൂർ പ്രദേശത്തു് ഇല്ല. ഞാൻ പറയുന്നതു മനസ്സിലാക്കുകയുണ്ടായിട്ടു എന്തെങ്കിലും പറയണം. ഈ ഓടച്ചാർത്തു് എന്നു പറയുന്ന സമ്പ്രദായം ഈ പ്രദേശങ്ങളിലില്ല. ഇതു നിയമമാക്കുമ്പോൾ അതൊഴിച്ചു നിർത്തേണ്ടതെന്തായാവശ്യമാണു്. ആരെങ്കിലും കുറെ ആളുകൾ വനത്തിൽ കയറി വെട്ടിയാൽ അതൊട്ടുവിൽ വളരെ കുഴപ്പത്തിലായിത്തീരും.

Mr. Speaker : There are no private forests in Travancore Cochin area.

Shri E. Chandrasekharan Nair : Here the definition itself is: 'odacharthu' means an agreement for cutting bamoos' in Malabar'.

'ഇൻ മലബാർ' എന്നുള്ളതു എടുത്തുകളയുന്നതുകൊണ്ടു് യാതൊരു ദോഷവും വരാൻപോകുന്നില്ല. 'in Malabar' എന്നിരുന്നതുകൊണ്ടും യാതൊരു വിരോധവുമില്ല.

ശ്രീ. ജോസഫു് ചാഴിക്കാടൻ : ഞാൻ മിസ്റ്റർ നാരായണക്കുറുപ്പിന്റെ ഭേദഗതിയെ അനുകൂലിക്കുന്നു. 'in Malabar' എന്നുള്ളതു എടുത്തുകളയണമെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ.

മിസ്റ്റർ സ്പീക്കർ : 'in Malabar' എന്നുള്ളതു എടുത്തുകളയണോ ?

ശ്രീ. ജോസഫു് ചാഴിക്കാടൻ : 'in Kerala' എന്നു വേണമെങ്കിൽ വച്ചുകൊള്ളട്ടെ. ഇവിടെ അങ്ങനെ ഒരേർപ്പാടു തിരുവിതാംകൂറിലും കൊച്ചിയിലുമില്ല. ഓടച്ചാർത്തെന്നുള്ളതു മുളവെട്ടുകയെന്നാണു്. അതു മലബാറിൽ അറിയപ്പെടുന്ന ഒന്നാണു്. മലബാർ കൂടിവച്ചാണു് ഈ ബിൽ എഴുതിയിരിക്കുന്നതു്. മലബാറും തിരു-കൊച്ചിയും കൂടി ചേർത്തിരിക്കുന്ന സ്ഥിതിക്കു് ഇൻ മലബാർ എന്നു പ്രത്യേകമായി വയ്ക്കാതെ തിരുവിതാംകൂറും കൊച്ചിയും മലബാറും കൂടി ചേർന്നു് കേരളം എന്നു വക്കണം. നാം ഒന്നായി കഴിഞ്ഞു. ഇനി കൂടുതൽ ഒന്നാകാൻ പോകുകയാണു്. അതുകൊണ്ടു് അതു പിക്കുവാനും ഇല്ലാതെകളയുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : നമ്മുടെ തിരുവിതാംകൂർവനങ്ങളിൽ ധാരാളം മുളയുണ്ട്. അങ്ങനെ മുളവെട്ടാൻ അവകാശം കൊടുത്താൽ വനങ്ങളിലെല്ലാം കയറി മുളവെട്ടാൻ വന്നാലോ—

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അങ്ങനെ അവകാശം കൊടുക്കുന്നതായാൽ പുരയിടത്തിന്റെ മൂലയിലും മറവും കാണുന്ന മുളകളും രണ്ടോ നാലോ ഉണ്ടെങ്കിൽ അതും അങ്ങുവെട്ടിക്കൊണ്ടുപോകും. അതിനു ചാത്തൊന്നും വേണ്ട. ഓടച്ചുവർത്തു് എന്നൊരേർപ്പാടു തിരുവിതാംകൂറിൽ കേട്ടിട്ടില്ല, പക്ഷെ മലബാറിൽ അതു സുപ്രസിദ്ധമാണെന്നു തോന്നുന്നു. രണ്ടുമുളവെട്ടു, എന്നു പറഞ്ഞു പുരയിടത്തിന്റെ ഉടമസ്ഥൻ ഞാനാണെന്നു പറഞ്ഞുവരുമോ. അങ്ങനെ ഒരേർപ്പാടു് ഇവിടെയില്ല.

മിസ്റ്റർ കുറുപ്പു പറയുന്നതുപോലെ കുഴിയുന്നിടത്തോളം തിരുവിതാംകൂർ-കൊച്ചി, മലബാർ എന്നു പ്രത്യേകമായി പറയാതിരിക്കുകയാണു് നല്ലതു്. ഓടച്ചുവർത്തിനെ സംബന്ധിച്ചിടത്തോളം ഇതിൽ മലബാർ എന്നു് ഇല്ലെങ്കിൽ യാതൊരു ദോഷവുമില്ല. യാതൊരു ദോഷവും വരാൻ പോകുന്നുമില്ല. ഓടച്ചുവർത്തു് എന്നു പറഞ്ഞാൽ ലൈസൻസ് ഫാർ കട്ടിംഗ് ബാംബൂസ് എന്നാണു്. മിസ്റ്റർ കുറുപ്പിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി കെ. ആർ. ഗൌരി: ശ്രീ. പി. ആർ. മാധവൻപിള്ളയുടെ ഭേദഗതി അംഗീകരിക്കണം. ഓടച്ചുവർത്തു് എന്നു പറഞ്ഞാൽ എഗ്രിമെൻറ് ഫാർ കട്ടിംഗ് ബാംബൂസ് എന്നാണു്. മി. കുറുപ്പിന്റെ ഈ അമൻറുമെൻറ് അനുസരിച്ചു് മലബാർ എടുത്തുകളയണം എന്നു പറഞ്ഞാൽ അതിന്റെ അപ്ലിക്കേഷനിൽ വളരെബുദ്ധിമുട്ടുവരും. കാരണം, തിരുവിതാംകൂർ കൊച്ചിയെ സംബന്ധിച്ചു് ഓടച്ചുവർത്തു് എന്നൊന്നില്ല. മലബാർ എന്നതാഴെ ചേർത്തിരിക്കുന്നതു് പ്രത്യേകം ഡെഫിനിഷൻ കൊടുത്തു പ്രത്യേകം ചേർക്കുകയാണു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഓടച്ചുവർത്തു് എന്താണെന്നു് എഴുതേണ്ട ആവശ്യമില്ല. ആദ്യമേ ഇതു കോഴിക്കോടു് എന്നു മാത്രമാണു് എഴുതിയിരുന്നതു്. പിന്നീടു് മലബാർ മുഴുവനുമാക്കി. അതുകൊണ്ടിതുവിടെ കിടക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല. അതുകൊണ്ടു നിരുപദ്രവമായ ആ വാക്കു അവിടെതന്നെ കിടക്കുകയാണു് നല്ലതു്. ഭേദഗതി സ്വീകരിക്കുന്നില്ല.

The amendment moved by Shri P. R. Madhavan Pillai, viz., In clause 2 (31) omit the words 'a licence after 'means' and add 'an agreement' in its place,

was put and carried.

The amendment moved by Shri M. Narayana Kurup was put and lost.

Smt. K. R. Gouri: I move:

"In clause 2 after sub-clause (31) the following sub clause shall be inserted as sub-clause (32) and the remaining sub-clauses re-numbered:—

"(32) 'owner' means a person entitled to the absolute proprietorship of land and includes—

(a) a trustee in respect thereof;

(b) a kudiyan as defined in the Travancore Jenmi and Kudiyan Act of 1071 and a kanom tenant as defined in the Kanom Tenancy Act 1955 but does not include a jenmi as defined in the said Acts".

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

സർ, ഇതിൽ ഓണർ എന്നുള്ളതു നമ്മുടെ ഈ ബില്ലിന്റെ പല ഭാഗത്തും വരുന്നുണ്ട്. അതു നിലയിൽ ഓണർ എന്ന പദത്തിനു ഒരു ഡഫനിഷൻ ആവശ്യമാണ്. ലാൻഡ് ഓണർ എന്നുള്ളതിൽ പലരേയും ചേർത്തിട്ടുണ്ട്. പക്ഷെ ക്ലിയർ ആയി ലാൻഡ് ഓണർ ആരാണ്. ജന്മിക്കരം കൊടുക്കുന്ന ആൾ മാത്രമാണോ, എന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു.

Shri M. Narayana Kurup: A Kudiyan as defined in the Travancore Jenmi and Kudiyan Act of 1071 and a Kanom tenant as defined in the Kanom Tenancy Act, 1955. There is already a definition of 'landowner'. I feel this definition is unnecessary.

Smt. K. R. Gouri: That definition is in relation to tenancy. Here it is absolute ownership. We require it for purposes of ceiling.

Shri M. Narayana Kurup: If the Speaker permits, I would like to move again my amendment that was rejected before, that is 'and a Kanom tenant under the Malabar Tenancy Act' to be added after '1955' and before 'but'.

ശ്രീമതി. കെ. ആർ. ഗൗരി: ഓണർ എന്നുള്ളതു വ്യക്തമാക്കുന്നതിനു വേണ്ടിയാണു ഈ ഭേദഗതി ഇവിടെ ഹാജരാക്കിയിരിക്കുന്നതു. Land owner in relation to tenancy includes other person's also who are not actual owners. Ex—Tenants of Pattazhy Devaswom, Tenants of Sreepadam, Shripandaravaka etc. even though they are not actual owners.

Shri M. Narayana Kurup: It is land-owner and nothing else. He may have a tenant and may not have a tenant. Of course the kudiyans, and kanom tenants have been included and defined as landowner. I do not see any necessity in defining owner again.

ശ്രീ. പി. ടി. ചാക്കോ: 21–ാം ഉപവകുപ്പിൽ ലാൻഡ് ലാർഡു എന്നുണ്ട്. അതുവേറെ പദം ആണെന്നു സമ്മതിക്കാം. പക്ഷെ ഉപവകുപ്പു 22–ൽ ലാൻഡു 'ഓണർ' എന്നാണു ചേർത്തിരിക്കുന്നതു. അതു വാക്കും ഇവിടെ പറയുന്ന owner-ും തമ്മിലുള്ള വ്യത്യാസം എന്താണു? ഞാൻ വായിച്ചു നോക്കിയിട്ടു രണ്ടിനും വലിയ വ്യത്യാസമൊന്നും കാണുന്നില്ല. ഇങ്ങനെ രണ്ടു നിർവ്വചനം ആവശ്യമുണ്ടോ?

4 P. M.

ശ്രീമതി കെ. ആർ. ഗൗരി: സെക്ഷൻ 15-ൽ ഇവിടമെയപ്പറ്റി പറയുന്നുണ്ട്. അതുപോലെതന്നെ സെക്ഷൻ ഏഴിൽ പറയുന്നുണ്ട്; സീലിംഗിന്റെ വകുപ്പിലും 'ഓണർ' എന്നു ചേർത്തിട്ടുണ്ട്. അതുകൊണ്ടാണു് ഇതു് എടുത്തു ചേർത്തിരിക്കുന്നതു്. ഓണർ എന്നു് പ്രത്യേകം നിർവ്വചനം ആവശ്യമുണ്ടെന്നാണു് എന്റെ അഭിപ്രായം.

Land owner has been defined in relation to tenancy. These persons who are not actual owners will also be included for example Shri pandaravaka Tenant and Sreepadam Tenant. They are really tenants, where the actual owners of the land is Sreepadmanabha Swami and Sreepadam Temple. When ceiling is applied, these persons become only Tenants. Whereas in Tenancy they were considered as landowner.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thomman: In sub-clause 22 of Clause 2, "landowner" has been defined as follows:—

"Landowner" means the owner of the land comprised in a holding and includes—

(i) a trustee in respect thereof;

Instead of the Minister's amendment I will substitute this amendment:—

"Landowner means the landowner as defined in Kanam Tenancy Act of 1955 but does not include a jenmi as defined in the said Acts and includes a trustee in respect thereof".

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇതു് 22-ാം ഉപവകുപ്പിൽ ആകാമായിരുന്നല്ലോ. അവിടെ ലാൻഡ് ഓണർ എന്നതിനു് നിർവ്വചനം കൊടുത്തു കഴിഞ്ഞു. ഇനി സ്മാൾ ഹോൾഡേഴ്സിന്റെ കാര്യം വരുമ്പോൾ അവിടെ പ്രത്യേകം നിർവ്വചനം നൽകിയാൽ മതി. ഓണർ ട്രസ്റ്റിക്കൂടി ആണെങ്കിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകും.

ശ്രീമതി കെ. ആർ. ഗൗരി: ഇതു് ഒരു വകുപ്പിൽ മാത്രമല്ല വരുന്നതു്. സീലിംഗിൽ വരുന്നുണ്ടു്; ക്ലാസ്സു് 21-ൽ, 7-ൽ, 15-ൽ ഒക്കെ വരുന്നുണ്ടു്. അങ്ങനെ ആവശ്യമാണെന്നുള്ളതുകൊണ്ടാണു് പ്രത്യേകം ഡഫനിഷൻ ചേർത്തിരിക്കുന്നതു്. ശ്രീപണ്ടാരവും, കണ്ടുകൃഷിയും, പട്ടാഴി ദേവസ്വവുമെല്ലാം ഇതിൽ ചേർത്തിരിക്കുകയാണു്. ഓണർ എന്നുള്ളതു് പട്ടാ റൈറവു് ഉള്ളവരാണു്. സ്റ്റാറ്റ്യൂട്ടറി റൈറവുള്ളവർക്കു് ആക്ചൽ റൈറവു് കൊടുത്തിരിക്കുകയാണു്. ഇതുപോലുള്ളവരെ ഓണർ എന്നുള്ള നിലയിൽ ഇതിൽ ചേർത്തിരിക്കുകയാണു്.

ശ്രീ. ടി. എ. തോമ്മൻ: അങ്ങനെയാണെങ്കിൽ ലാൻഡ് ലാർഡു് എന്നുള്ളതിന്റെ നിർവ്വചനം എടുത്തുകളഞ്ഞാൽ മതിയല്ലോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഓണർ എന്ന പദം, സീലിംഗിന്റെ വകുപ്പുകളിൽ ഒരു സ്ഥലത്തു മാത്രമേ പറയുന്നുള്ളു എന്നു് പരിശോധിച്ചാൽ കാണാൻ കഴിയും. 57-ാംവകുപ്പിൽ 3-ാം ഉപവകുപ്പിൽ "After the date notified under sub-section (1) it shall not be lawful for any public, religious or charitable institution to acquire ownership, or possession as owner or as tenant over lands if such institution owns or holds immediately before the said date, lands in extent not below 15 acres....." എന്നു പറഞ്ഞിട്ടുണ്ടു്. അപ്പോൾ പ്രധാനമായിട്ടു് ലാൻഡ്ഓണർ എന്നുള്ള ഡെഫനിഷൻ Tenancy-യെക്കുറിച്ചാണെന്നു കാണാം. പിന്നീടു് ഓണർ എന്നു പറഞ്ഞിട്ടു് പ്രത്യേകമായി നിർവ്വചനം കൊടുക്കുന്നതിൽ അർത്ഥമില്ല. സീലിംഗിന്റെ ചാപ്റ്ററിൽ ഓണർ എന്നുള്ളതിനു പകരം ലാൻഡു് ഓണർ എന്നു വരികയില്ല. ഓണർ എന്നതു് സീലിംഗിനു മാത്രം സംബന്ധിച്ചു കാര്യമായതുകൊണ്ടു് അവിടെ ലാൻഡു് ഓണർ എന്നു് ഉപയോഗിച്ചാലും യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. ടി. വി. തോമസ്സു്: ക്ലാസ്സു് 15-ലോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ക്ലാസ്സു് 15 റിസംപ്ഷനെപ്പറ്റിയുള്ളതാണു്. അവിടെ പ്രത്യേകം ലാൻഡു് ഓണർ എന്നു പറയുന്നുണ്ടു്. ലാൻഡു് ഓണറുടെ ഡെഫനിഷൻകൊണ്ടുതന്നെ അതു വരുത്താൻ സാധിക്കും. റിസംപ്ഷൻ ക്ലാസ്സിൽത്തന്നെ പ്രത്യേകം പറയുന്നതുകൊണ്ടു് ഓണർ എന്ന നിർവ്വചനം അവിടെ സഹായകമല്ല. ലാൻഡു് ഓണർ എന്നു തിരുത്തുന്നതാണു് നല്ലതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഉപവകുപ്പ് 22-ൽ ലാൻഡ് ഓണർ എന്നു പറയുന്നുണ്ട്. ഇവിടെ ഓണർ എന്നു പറയുന്ന പദത്തിനു് ഇന്നയിന്ന വിധത്തിലുള്ള കൈവശത്തിനാണ് എന്നു പറയുന്നു. ലാൻഡ് ഓണർ എന്നു പറയുമ്പോഴും കൈവശത്തെപ്പറ്റിയാണ് പറയുന്നതു്. 22-ൽ പറയുന്ന ലാൻഡ് ഓണറിന്റെ കീഴിൽ, ഓണർക്രൂടി കൊണ്ടുവന്നിട്ട് രണ്ടും ക്രൂടി ഒറ സബ്ക്ലാസ്സ് ആക്കിയാൽ മതിയാകും. ശ്രീ ടി. എ. തൊമ്മൻ പറഞ്ഞതുപോലെ 22-ൽ ഒരു ചെറിയ ഭേദഗതിയോടുകൂടി ഇതു രണ്ടും ക്രൂടി ഒന്നാക്കി കൊണ്ടുവരുന്നതാണ് നല്ലതു്. സബ്ക്ലാസ്സ് 22-ന്റെ വിവരണം ക്രൂടി സബ്ക്ലാസ്സ് 32-ൽക്രൂടി ചേർത്തു് രണ്ടുംക്രൂടി ഒന്നാക്കി, ശ്രീ. തൊമ്മൻ കൊണ്ടുവന്ന ഭേദഗതി അംഗീകരിച്ചിട്ട് ഇതു് മോഡിഫൈ ചെയ്യുന്നതായിരിക്കും നല്ലതു്.

ശ്രീ. പി. ടി. ചാക്കോ : സർ, 22-ാമത്തെ ഉപവകുപ്പ് പാസ്സായി; അതു കഴിഞ്ഞു് ഇങ്ങനെയൊരു ഭേദഗതി ആവശ്യമില്ലാത്തതാണെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി പറയുന്ന കാരണമൊന്നും തൃപ്തികരമായിട്ടു തോന്നുന്നില്ല. ഏഴാമത്തെ വകുപ്പിൽ ഓണർ എന്ന പദം ഉണ്ടെങ്കിലും ആദ്യം പറഞ്ഞിരിക്കുന്നതു് ലാൻഡ് ഹോൾഡ് എന്നാണ്. ഏഴാമത്തെ വകുപ്പിൽ റിസംപ്ഷനെപ്പറ്റിയാണ് പറയുന്നതു്. അവിടെ ലാൻഡ് ഓണർ എന്നാണ് ഉപയോഗിച്ചിരിക്കുന്നതു്. അതു് ഓണർ എന്നു മാറ്റിയാൽ മതി. പിന്നെ 15-ാമത്തെ വകുപ്പാണ്. 15-ാമത്തെ വകുപ്പിൽ സംമാം ഹോൾഡറെപ്പറ്റിയാണ് പറയുന്നതു്. സംമാം ഹോൾഡർ ആരാണെന്നു് അവിടെത്തന്നെ ഡിഫൈൻ ചെയ്യുന്നുണ്ട്. അങ്ങനെ ഡിഫൈൻ ചെയ്യുന്ന ലാൻഡ് ഓണർ എന്ന പദം ഓണർ എന്നു് വ്യത്യാസപ്പെടുത്തിയാൽ മതി. അതു കഴിഞ്ഞാൽ സീലിംഗ് ക്ലാസേയുള്ളു. ലാൻഡ് ഓണർ എന്നുള്ളതു് ഓണർ ആകുന്നതുകൊണ്ടു് വലിയ വ്യത്യാസമൊന്നും വരാനില്ല. അങ്ങനെ നോക്കുമ്പോൾ ഈ രണ്ടു നിർവ്വചനവും ആവശ്യമില്ല. ഈ രണ്ടു നിർവ്വചനവും തമ്മിലുള്ള വ്യത്യാസം വായിച്ചുനോക്കിയാൽ, ഇതെഴുതിയതു് അശേഷം ആലോചിക്കാതെയാണെന്നു മനസ്സിലാകും.

സർ, ലാൻഡ് ഓണർ എന്നു പറഞ്ഞാൽ ഭൂവുടമസ്ഥൻ. ഓണർ എന്നു പറഞ്ഞാൽ ട്രസ്റ്റിയും ഉൾപ്പെടും, കൂടിയാണും ഉൾപ്പെടും. കാണം ടെനൻസി ആക്ടിൽ ടെനൻറും ഉൾപ്പെടും. ഇവിടെ ലാൻഡ് ഓണറുടേയും, ഓണറുടേയും ഡെഫനിഷൻ രണ്ടുംക്രൂടി വായിച്ചുനോക്കിയാൽ അശേഷം ചിന്തിക്കാതെ ഏതാണ്ടു് അബോധാവസ്ഥയിൽ ആരോ ഇതു് എഴുതിവച്ചിരിക്കുകയാണെന്നു തോന്നും. അതുകൊണ്ടു് ഈ രണ്ടു നിർവ്വചനവും ആവശ്യമില്ല; ഏതെങ്കിലും ഒന്നു മതിയാകും.

ശ്രീമതി കെ. ആർ. ഗൗരി : സർ, 22-ാം ഉപവകുപ്പിൽ, "landowner" means the owner of the land comprised in a holding and includes—എന്നാണ് പറഞ്ഞിരിക്കുന്നതു്. ഓണർ എന്നു പറഞ്ഞാൽ ആരാണ് എന്നുള്ളതിന്റെ ഡെഫിനിഷനാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്. ബോധാവസ്ഥയിലായാലും അബോധാവസ്ഥയിലായാലും ഇങ്ങനെ ഒരു ഡെഫിനിഷൻ വേണമെന്നുതോന്നിയതുകൊണ്ടു് എഴുതിയിരിക്കുകയാണ്. Who is owner of land എന്നുള്ളതു് വ്യക്തമാക്കുവാൻ ഇതാവശ്യമായതുകൊണ്ടു് ഇങ്ങനെതന്നെ വേണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു് ഞാൻ ഈ അമെൻറുമെൻറു് പ്രസ്സ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു സംശയം ചോദിച്ചുകൊള്ളട്ടെ. 22–ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നു "landowner" means the owner of the land comprised in a holding and includes—"

(i) a trustee in respect thereof ;

(ii) a landholder holding Sree Pandaravaka lands on Pattom, Otti, Jenmom, Kudijenmom, Danam or any other tenure;...." എന്നാണ് രണ്ടു വശത്തായി ഒരു വിധത്തിൽ പറഞ്ഞിരിക്കുന്നു. അങ്ങനെയാണെങ്കിൽ ഇതു് അധികപ്പറ്റല്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു രണ്ടും രണ്ടുവശത്തു നിന്നാൽ അതുകൊണ്ടു കുഴപ്പമൊന്നും വരാനില്ല.

The amendment moved by Smt. K. R. Gouri, viz.

In clause 2 after sub-clause (31) the following sub-clause shall be inserted as sub-clause 32 and the remaining sub-clauses renumbered:—

(32) 'owner' means a person entitled to the absolute proprietorship of land and includes—

(a) a trustee in respect thereof;

(b) a Kudiyan as defined in the Travancore Jenmi and Kudiyan Act of 1071 and a kanom tenant as defined in the Kanom Tenancy Act 1955 but does not include a jenmi as defined in the said Acts;"

was put and carried.

Shri E. P. Poulose: Sir, I move the following amendment—

(No. 157) "In sub-clause (32), after the words 'and includes land so used' insert 'or which may be so used' 'Palliyal land' is defined as follows. "Palliyal land" means land which is used principally for raising seedlings of paddy and includes land so used and known as Pallimanayal, Myal, Potta, Njal or Nattadi". In certain parts of north Travancore and certain parts of Cochin where seasonal conditions are favourable and there is sufficient rainfall a short term crop of paddy is grown in land coming within this class. Such places are comprehensively called 'Palliyal land', in this class. According to the locality in which this cultivation is carried on, the terms used very. In northern Travancore it is called 'Njal' as stated in the definition. In certain other areas it is called 'Njattadi' or 'Njattuvetti'. I want to include all those cases within this clause. If the present definition is adopted it will be unnecessarily restricting the application of this clause to lands only where seedlings of paddy are raised. It may also be extended to places where depending upon seasonal conditions and rainfall attempts are made for raising other crops also after seedlings of paddy are transplanted.

LIBRARY ARCHIVES Kerala Legislative Assembly

Shri C. C. Ayyappan : Sir, I move the following amendment :—(No. 158)

In clause 2(32), omit 'or' after 'Njal' and add 'banabettu' after 'Nattadi'.

'മ്യാൽ' 'ഞാൽ' എന്നുള്ളതിനു പകരമായി കാസർകോട്ട ഭാഗത്തുള്ള ഒരു പേരാണിതു്. അതുകൊണ്ടാണു് ഇതുംകൂടി ചേർക്കണമെന്നു് പറഞ്ഞിരിക്കുന്നതു്. ഇതിനു കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Shri N. Rajagopalan Nair: Sir, I move the following amendment:—

"In clause 2, after sub-clause (32), add the following as sub-clause (33) and renumber:—

"Pattazhi Devaswom means the Pattazhi Devi Temple situated in Pattazhi in Pathanapuram Taluk of the Quilon District of the State of Kerala".

This amendment is necessitated in view of the acceptance of amendment (No. 142) by the Minister for Revenue to sub-clause (22).

Shri K. K. Viswanathan: Are the words 'of the State of 'Kerala necessary?

ശ്രീമതി കെ. ആർ. ഗൗരി : സർ, പട്ടാഴി ദേവസ്വത്തിൽ ഉണ്ടെന്നു പറഞ്ഞു"

"Pattazhi Devaswam means the Pattazhi Devi Temple situated in Pattazhi in Pathanapuram taluk of the Quilon District of the State of Kerala."

ഇങ്ങനെ പറഞ്ഞാൽ അതിന്റെ ഡ്രാഫ്റ്റിംഗ് തന്നെ ശരിയാണോ എന്നു എനിക്കു സംശയമുണ്ടു്. അതിന്റെ പട്ടയവും മറ്റും നോക്കണം. അതുകൊണ്ടു് ഇതു് നാളത്തേയ്ക്കു് മാറ്റിവയ്ക്കുണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ഇ. പി. പൌലോസിന്റെ അമെൻഡ്മെൻറ് സ്വീകരിക്കുവാൻ നിവൃത്തിയില്ല. 'land which may be used' എന്നു പറഞ്ഞാൽ അതു അംഗീകരിക്കുവാൻ തരമില്ല.

ശ്രീ. ഇ. പി. പൗലോസ്: അതില്ലെങ്കിൽ ഇതു വാക്കുകൊണ്ടു യാതൊരു അർത്ഥവുമില്ലാതെവരും.

"Palliyal land means land which is used principally...." കൃഷിക്കു സൗകര്യമില്ലാതെ വരികയാണെങ്കിൽ അതെല്ലാം നശിച്ചുപോകും.

ശ്രീമതി കെ. ആർ. ഗൗരി : 'Which may be used' എന്നു ഉപയോഗിക്കുവാൻ പാടില്ല. principally എന്നുള്ള സ്ഥലത്തു" ordinarily എന്നു ചേർക്കുവാൻ വിരോധമില്ല.

Shri E. P. Poulose : All these terms are controlled by the expression ".....which is used principally for raising seedlings...."

ശ്രീമതി കെ. ആർ. ഗൗരി : പ്രിൻസിപ്പലി എന്നുള്ള സ്ഥലത്തു് ഓർഡിനർലി എന്നു ചേർക്കാം. which may be used എന്നു ചേർക്കുവാൻ പാടില്ല. ശ്രീ. സി. സി. അയ്യപ്പന്റെ ഭേദഗതി സ്വീകരിക്കുവാൻ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Have you ascertained whether the word 'banabettu' is the correct word?

ശ്രീമതി കെ. ആർ. ഗൗരി : 'ബാണബെട്ട്' എന്നു തന്നെയാണ്. ഞാൻ നേരിട്ടു അറിഞ്ഞിട്ടാണ് ഇതു സഭീകരിക്കുന്നതു. ഇതു സീലിംഗിനു വേണ്ടിയുള്ളതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ : അങ്ങിനെയാണെങ്കിൽ ഈ പ്രദേശങ്ങളിലുള്ള പലതും ചേർക്കേണ്ടിവരും.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെയുള്ളതെല്ലാം ചേർത്തിട്ടുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: 'നാട്ടടി' എന്നുള്ളതു ഇവിടെയൊന്നുമില്ല. അതു 'ഞാറടി' യായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : 'ഞ' എന്നുള്ളതിനുപകരം 'ന' എന്നു ചേർത്തിരിക്കുകയാണ്. സ്റ്റെല്ലിംഗ് അങ്ങനെവേണമെങ്കിലും ചെക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : നാറടി അല്ല. ഞാറടി എന്നാക്കണം. അല്ലെങ്കിൽ അർത്ഥം മാറിപ്പോകും. അതുകൊണ്ടു 'എൻ, എച്ചു'' എന്നു മാറ്റണം.

മി. സ്പീക്കർ : മുമ്പിൽ കാണിച്ചിട്ടുള്ളതു എൻ. ജെ. എ. എൽ എന്നാണ്. അതുപോലെ 'Nj' എന്നിരിക്കട്ടെ.

Are you accepting the amendment (No. 157) of Shri E. P. Poulose?

Smt. K. R. Gouri: Not the whole of it. I agree to substitute 'ordinarily' for the word 'principally' in that sub clause. I do not accept the words 'which may be so used'.

The following modification of the amendment of Shri E. P. Poulose, viz

> 'In Clause 2, sub clause (32) in line 1, substitute the word 'ordinarily' for the word 'principally', was put and carried.

The following amendment (No. 158) of Shri C. C. Ayyappan, viz.

> 'In Clause 2 (32), omit 'or' after 'njal' and add 'banabettu' after 'nattadi'.
>
> was put and carried.

The amendment of Shri N. Rajagopalan Nair was heldover.

Mr. Speaker: Shri Joseph Chazhikatt, your amendment No. 159 is out of order. It is in the nature of some order or criticism. It is not properly drafted as an amendment. You say: In Clause 2, add new sub-clause (35) defining the word 'institution". You have not suggested any definition.

Shri Joseph Chazhikatt: If that definition is not included, then that will be a defect in the statute.

Smt. K. R. Gouri: Sir, I move.

(No. 160) In clause 2, in sub-clause (35) for the words "and any institution capable of holding property" the words "any institution capable of holding property and a family" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(No. 161) **Shri P. T. Chacko**: Sir, I move in clause 2, sub-clause (35), the words "and any institution capable of holding property" be deleted.

The amendment itself conveys the meaning in full. So, I do not want to say anything regarding the amendment.

Mr. Speaker: Amendments Nos. 162 to 168 are similar to the one just now moved by Shri Chacko.

Shri M. Narayana Kurup: With respect to the amendment moved by the Minister, will it not be better instead of adding the words "and a family" at the end, to define "person" as follows:

"A person shall include any company, family, association or other body of individuals whether incorporated or not and any institution capable of holding property".

It would mean that we will be adding the word "family" at the beginning instead of at the end.

Smt. K. R. Gouri: I have no objection to add "family" in the beginning as suggested by Shri Kurup.

Shri T. A. Thomman: Sir, I have some doubt about that. What is the full implication of the word "family" in this sub clause? Is it joint family or "family" meaning husband, wife and their minor children or such of them as exist? Is it in the latter sense that the word "family" is used here?

Smt K. R. Gouri: For the purposes of this Act "family" is defined as husband, wife and their unmarried minor children or such of them as exist.

Mr. Speaker: As suggested by the hon. Member Shri M. Narayana Kurup, "Person" shall include any family, company, association or other body of individuals whether incorporated or not and any institution capable of holding property.

Shri M. Narayana Kurup: Instead of beginning "any family, company, association, etc.", we shall say "any company, family, etc."

Shri K. Chandrasekharan: Sir, I suggest that the word "family" shall be inserted after the words "whether incorporated or not" otherwise "family" will be qualified by those words.

Mr. Speaker: Shall we say "any company"?

Smt. K. R. Gouri: Those words "whether incorporated or not" only qualify "association or other body of individuals"; they would not affect the word "family".

Mr Speaker: So, what is your final decision—do you want to add it at the beginning or at the end?

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: Instead of saying "person" shall include *any* company, family, association, etc., we shall say: "person shall include *a* company, family, association, or other body of individuals whether incorporated or not and any institution capable of holding property".

Mr. Speaker: So, your suggestion is that the word "any" in the beginning shall be deleted and "a" shall be substituted instead.

Smt. K. R. Gouri: Yes, and to define person as follows:

"person" shall include a company, family, association or other body of individuals, whether incorporated or not, and any institution capable of holding property.

Shri K. K. Viswanathan: If all amendments are moved, I wish to speak upon Shri Chacko's amendment.

Mr. Speaker: Yes; you can do that now.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ഡെഫനിഷൻ സ്വീകരിച്ചാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെപ്പറ്റി കാര്യമായി പരിശോധിക്കേണ്ടതാണ്.

"A person shall include any company, association or other body of individuals whether incorporated or not and any institution capable of holding property."

'പേഴ്സൺസ്' എന്നതിന്റെ നിർവ്വചനം പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു് സീലിംഗ് വകുപ്പിന്റെ ആവശ്യത്തിനാണു്. ഒരു പേഴ്സനു് ഇത്ര വരെ ഭൂമി കൈവശം വയ്ക്കാമെന്നുള്ളതു് സീലിംഗ് പ്രൊവിഷനിൽ വരും. അങ്ങനെ വരുമ്പോൾ 57-ാംവകുപ്പനുസരിച്ചു് സബ് സെക്ഷൻ രണ്ടിൽ അഡൽറ്റ് അൺമാരീഡ് പേഴ്സൻ എന്നു പറയുന്നുണ്ടെങ്കിലും പരിധിയിൽ ഇൻകാർപ്പറേറ്റഡ് ബാഡിസും ഇൻസ്റ്റിട്ട്യൂഷനും എല്ലാം വരുന്നുണ്ടു്. അതനുസരിച്ചു് ഒരു പേഴ്സണു് എത്ര ആകാമെന്നു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അതിൽക്കൂടുതൽ കൈവശംവയ്ക്കാൻ പാടില്ലെന്നാണു് 57-ാംവകുപ്പിൽ വരുന്നതു്. പക്ഷേ, 161-ാമത്തെ ദേഭഗതി ഇങ്ങനെയാണു്.

In Clause 2, sub-clause (35) the words "and any institution capable of holding property" be deleted.

അതു പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു് ഇവിടത്തെ പബ്ലിക്ക് റിലിജിയസ് ചാരിറ്റബിൾ ഇൻസ്റ്റിട്ട്യൂഷന്റെ കൈവശമുള്ള ഭൂമിക്കു പരിധി വയ്ക്കുന്നതിനാണു്. പേഴ്സൺ എന്നുള്ള ഡെഫനിഷൻപ്രകാരം അതിനെ പെടുത്തുകയാണെങ്കിൽ ഒരു പേഴ്സണു് കിട്ടുന്ന ഭൂമിമാത്രമേ കൈവശം വയ്ക്കാനുള്ള അവകാശം ഉണ്ടായിരിക്കയുള്ളു. അതാണു് 57-ാംവകുപ്പിൽ പറയുന്നതു്. അതുപോലെതന്നെ മൂന്നാമത്തെ ഉപവകുപ്പിൽ വേറൊന്നു് പറയുന്നുണ്ടു്. എന്റെ അഭിപ്രായത്തിൽ അതു വകുപ്പു പരസ്പരവിരുദ്ധമാണു്. പേഴ്സൺസ് എന്നുള്ള ഡെഫനിഷനിൽ റിലിജിയസ് ഇൻസ്റ്റിട്ട്യൂഷൻ വരികയില്ല. മൂന്നാമത്തെ ഉപവകുപ്പിൽ പറയുന്നതു് ഇങ്ങനെയാണു്. അതുപ്രകാരം 15 ഏക്കറിൽ കൂടുതലുള്ള അളികൾക്കു നോട്ടിഫൈഡ് ഡേറ്റിനു് ശേഷം ഭൂമി സമ്പാദിക്കാൻ പാടില്ല. 15 ഏക്കറിൽ കൂടുതലുള്ള റിലിജിയസ് ഇൻസ്റ്റിട്ട്യൂഷനു് അതിൽ കൂടുതൽ ഹോൾഡ് ചെയ്യാൻ പാടില്ലെന്നല്ല, അകപ്പെടാൻ പാടില്ലെന്നാണു് വരുന്നതു്. ഹോൾഡ് ചെയ്യാമെന്നു പറയുകയും പേഴ്സൺസിന്റെ നിർവ്വചനത്തിൽ പെടുത്തുകയും ചെയ്യുമ്പോൾ ആ പരിധി ഇൻസ്റ്റിട്ട്യൂഷൻസിനും ബാധകമാകും. അപ്പോൾ അവരുടെ കൈവശമുള്ള, ഉടമയിലുള്ള ഭൂമിക്കു പരിധി വേണ്ടെന്നു 57 (3)-ാം ഉപവകുപ്പിൽ പറയുമ്പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : നമ്മെ ചോദിച്ചുകൊള്ളട്ടെ. 'പ്രൊഴ"സനൽ' എന്ന എവിടെയാണ പറഞ്ഞിരിക്കുന്നത്"? 'അൺമാരീഡ" പ്രൊഴ"സൻ' എന്നാണ എഴുതിയിരിക്കുന്നത്".

ശ്രീ. കെ. കെ. വിശ്വനാഥൻ : 'അൺമാരീഡ" പ്രൊഴ"സൻ' എന്ന എടുത്തുകൊണ്ടാണ" ഞാൻ പറയുന്നത്". നിയ്ചനം കൊടുത്തിട്ടുള്ള സീലിംഗിനെ ഉദ്ദേശിച്ചാണെങ്കിൽ അത്" എല്ലാ സ്ഥലത്തും പറയണം. സീലിംഗിനെ ഉദ്ദേശിച്ചാണ പറയുന്നതെങ്കിൽ റിലിജിയസ" ഇൻസ്റ്റിട്ടൂഷനും, മറവും ഇതിന്റെ നിയ്ചനത്തിൽ വരാത്തതുകൊണ്ട" ഇതിന്റെ അമ്മയുടെ ഉപവകുപ്പിൽ.....

Mr. Speaker : Order, order. As there is a function at 5.15 we will adjourn a little early.

Shri P. T. Chacko : Yes Sir, I want to submit a word. The time fixed for submitting amendments to the Kerala Education Rules was up to 3 p. m. today. The discussion is to take place on the 11th of May. We want more time for sending amendments.

Mr. Speaker : Yes. We will adjourn now and meet again at 8 a.m. tomorrow.

The Assembly adjourned at 4.45 p.m. to meet again at 8 a.m. on Tuesday the 5th May 1959.

LIBRARY ARCHIVES Kerala Legislative Assembly